യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 16 ലക്കം 1 | ജനുവരി 2018 | വില 15 രൂപ



യഥാർത്ഥ സഭയിലേയ്ക്ക്

നഷ്ടപ്പെട്ടുപോയ പുത്രന്റെ മടങ്ങിവരവ്

സാക് പുന്നൻ

JEEVAMOZHIKAL

**ജീവമൊഴികൾ**

**നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ** *(യോഹ. 6:68)*

വാല്യം 16 ജനുവരി 2018 ലക്കം 1

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:



**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org



**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# സേവനങ്ങൾക്കപ്പുറം ക്രിസ്തുവിനോട് ചേർന്ന്

യേശുവിനോടു നമുക്കുണ്ടാകേണ്ട നിർമല മായ, ലളിതമായ ഭക്തിയോട് ഏറ്റവും കൂടുതൽ മത്സരിക്കുന്നത് നാം തനിക്കുവേണ്ടി ചെയ്യുന്ന സേവനങ്ങളാണ്. നമ്മെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ ഹിതം ഒരിക്കലും 'ചെയ്യുക, ചെയ്യുക' എന്നല്ല മറിച്ച് അങ്ങനെ 'ആയിരിക്കുക, ആയിരിക്കുക' എന്നാണ്. നാം അങ്ങനെ 'ആയിരിക്കുമ്പോൾ' അവിടുന്നു നമ്മിലൂടെ 'ചെയ്യും'. ദൈവത്തോട് സത്യസന്ധമായി ചേർന്നിരിക്കാനുള്ള മാർഗം നമുക്കു താൽപര്യമുള്ള ക്രിസ്തീയപ്രവർത്തനങ്ങളെ നിരന്തരം നിഷേധിക്കുകയും യേശുക്രിസ്തുവിൽ മാത്രം തൽപരരായിരിക്കുകയും ചെയ്യുക എന്നതാണ്.



**-ഓസ്വാൾഡ് ചേംബേഴ്സ്**

## ഇമ്മാനുവേൽ

A Joyful 'toon by Mike Waters




*കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും. (മത്തായി 1:22)*

എഡിറ്റോറിയൽ



# ധൂർത്തപുത്രന്റെ മടങ്ങിവരവ്

ദൈവം സ്നേഹമാണെന്നു പറഞ്ഞതു'സ്നേഹത്തിന്റെ അപ്പോസ്തല' നാണ്. തന്റെ ആദ്യ ലേഖനത്തിൽ രണ്ടിടത്ത് യോഹന്നാൻ ദൈവത്തെ അങ്ങനെ പരിചയപ്പെടുത്തി ( 4:8,19) – 'ദൈവം സ്നേഹം തന്നെ'

'സ്നേഹം ദൈവ'മാണെന്നല്ല മറിച്ച് 'ദൈവം സ്നേഹ'മാണെനന്നാണു യോഹന്നാൻ പറഞ്ഞത്. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. സൂര്യൻ വെളിച്ചമാണ്. എന്നാൽ എല്ലാ വെളിച്ചവും സൂര്യനല്ല. ഇതുപോലെ ഇന്നു കാണുന്ന എല്ലാസ്നേഹവും ദൈവമല്ല. എന്നാൽ ദൈവം യഥാർത്ഥ സ്നേഹമാണ്.

ദൈവം സ്നേഹം തന്നെ (God in love) – ഒരു കൊച്ചുവാക്യം. എന്നാൽ ആ ആശയത്തിന്റെ ആഴവും പരപ്പുമോ?. സത്യത്തിൽ ജീവിതം ധന്യമാകാൻ ഈ ഒരറിവ് ധാരാളം. ജീവിതത്തിൽ വലിയൊരു സുരക്ഷിതത്വം കൈവരും . ആകുലചിന്തകൾ മാറിപ്പോകും. മറ്റുള്ളവരെക്കുറിച്ചുള്ള പരാതികളും പരിഭവങ്ങളും ഇല്ലാതെയാകും. ഉവ്വ്, ദൈവം സ്നേഹം തന്നെ.

നദിക്ക് ഒഴുകാതിരിക്കാനാവില്ല എന്നു പറയുന്നതുപോലെ സ്നേഹത്തിനു പകരപ്പെടാതിരിക്കാൻ സാധ്യമല്ല. സ്നേഹമാണോ? അതു പകരപ്പെടും; പ്രദർശിക്കപ്പെടും. ദൈവസ്നേഹവും അങ്ങനെയെന്നു യോഹന്നാൻ തന്നെ പറഞ്ഞിട്ടുണ്ട്: 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ 3:16). ദൈവം ലോകത്തെ സ്നേഹിച്ചു. അതെങ്ങനെയാണു പ്രദർശിക്കപ്പെട്ടത്?. പുത്രനെ നൽകിക്കൊണ്ട്. ഇക്കാര്യം യോഹന്നാൻ തന്റെ ലേഖനത്തിൽ കൂടുതൽ സ്പഷ്ടമാക്കിയിട്ടുണ്ട്: "ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി" (1 യോഹ.4:9). അതെ, ദൈവം സ്നേഹമാണ്. ആ സ്നേഹം മാനവരാശിക്കായി പ്രദർശിപ്പിക്കപ്പെടുകയും പകരപ്പെടുകയും ചെയ്തിരിക്കുന്നു.


യേശു പകരപ്പെടുന്ന ഈ ദൈവസ്നേഹത്തെ മനോഹരമായ ഒരു കൊച്ചു കഥയിലൂടെ വരച്ചുകാട്ടിയിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ 'സ്വർഗസ്ഥനായ പിതാവേ' എന്നു സംബോധന ചെയ്യാൻ ശിഷ്യന്മാരെ പഠിപ്പിച്ച യേശു ദൈവത്തെ പ്രതിനിധാനം ചെയ്യാൻ ഇവിടെയും ഒരു പിതൃസങ്കല്പമാണു കടമെടുക്കുന്നത്. രണ്ടു മക്കളുള്ള ഒരു പിതാവ്. അദ്ദേഹം മക്കളെ ഇരുവരേയും ഒരുപോലെ സ്നേഹിക്കുന്നു. എന്നാൽ ഇളയമകൻ ഒരു ധൂർത്ത പുത്രനായിരുന്നു. അവൻ അപ്പനോട് സ്വത്തിലെ തന്റെ വീതം ആവശ്യപ്പെട്ടു. അപ്പൻ അതു നൽകിയപ്പോൾ അവൻ അതു ധൂർത്തടിച്ച് ദുർവൃത്തനായി ജീവിച്ചു. ഒടുവിൽ പണവും സ്നേഹിതരും

നഷ്ടപ്പെട്ട അവൻ അന്യദേശത്ത് ഒരു ധനികന്റെ പന്നികളെമേയിച്ച് കാലം കഴിക്കുന്നു. എന്നാൽ ഭക്ഷണത്തിനും മുട്ടുവന്നപ്പോൾ അവനു സുബോധം വന്നു. അവൻ അനുതാപത്തോടെ അപ്പന്റെ വീട്ടിലേക്കു മടങ്ങിവന്നു. സ്നേഹവാനായ അപ്പൻ അവനെ വീണ്ടും മകനായി സ്വീകരിച്ചു. നഷ്ട പ്പെട്ട മകനെ മടക്കികിട്ടിയതിൽ ആഹ്ലാദിച്ചു വിരുന്നൊരുക്കുന്നു. ഇതി നിടെ, വയലിൽ നിന്നു വീട്ടിലേക്കു വന്ന മൂത്തപുത്രൻ ഇളയവനെക്കു റിച്ചു പറഞ്ഞ കുറ്റപ്പെടുത്തലിന്റെ വാക്കുകൾ അപ്പൻ ഗൗനിക്കുന്നില്ല. അവനെയും സ്വാന്തനപ്പെടുത്തി വീടിന്റെ സന്തോഷത്തിൽ പങ്കാളിയാകു വാൻ ക്ഷണിക്കുന്നിടത്തു കഥ അവനാനിക്കുകയാണ് (ലൂക്കോസ് 15:11-32).

'മുടിയൻ പുത്രന്റെ കഥ' എന്നറിയപ്പെടുന്ന ഈ ഉപമ രണ്ടു കാര്യ ങ്ങളുടെ-മടങ്ങിവരവിന്റെയും സ്നേഹത്തിന്റെയും-കഥയാണ്. മുടിയൻ പുത്രന്റെ ഭാഗത്തുനിന്നു മടങ്ങിവരവ്, പിതാവിന്റെ ഭാഗത്തുനിന്ന് വ്യവ സ്ഥയില്ലാത്ത, അതിരുകളില്ലാത്ത സ്നേഹം. രക്ഷിക്കപ്പെടുന്ന ഒരു പാപിയെ സംബന്ധിച്ചായാലും മടങ്ങിവരുന്ന ഒരു പിന്മാറ്റക്കാരനെ സംബ ന്ധിച്ചായാലും ഇതു രണ്ടും ഒരു പോലെ പ്രസക്തമാണ്.

ഉവ്വ്, മുടിയൻ പുത്രൻ മടങ്ങിവന്നു. മടങ്ങിവരവ്-എത്ര ദയനീയമായ അവസ്ഥയിലെത്തിയാലും ജീവിച്ചിരിക്കുന്ന എല്ലാവർക്കും മടങ്ങിവരവി നുള്ള സാധ്യതയുണ്ട്. പക്ഷേ ശ്വാസം പോയാൽ, ജീവൻ നഷ്ടപ്പെട്ടാൽ പ്രതീക്ഷയുടെ വാതിൽ അടഞ്ഞു. പിന്നീടൊരു മടങ്ങി വരവു സാധ്യമല്ല. അതുകൊണ്ടാണു സഭാപ്രസംഗി പറയുന്നത് 'ചത്ത സിംഹത്തെക്കാൾ ജീവനുള്ള നായാണു നല്ലതെ' ന്ന്. (9:4). വാസ്തവത്തിൽ ഒരു താരതമ്യം ഇല്ലാത്ത വിധം നായെക്കാൾ എത്രയോ മികച്ചതാണു സിംഹം. എന്നാൽ ഇവിടെ നായാണു നല്ലത്. കാരണം സിംഹം ചത്തുപോയി; നായ് ജീവി ച്ചിരിക്കുന്നു. 'ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ ഉള്ളവനൊക്കെയും പ്രത്യാ ശയുണ്ട്'.

മടങ്ങിവരവിനു മുടിയൻ പുത്രനെ സഹായിച്ച രണ്ടാമത്തെ ഘടകം അവനുണ്ടായ ബുദ്ധിമുട്ടുകളാണ്. ദേശത്തു കഠിനമായ ക്ഷാമം വന്നു. ഫലം അവനു മുട്ടുവന്നു തുടങ്ങി.(15:14). മുട്ടുവന്നു എന്നത് ഇംഗ്ലീഷിൽ in need എന്നാണു നാം കാണുന്നത്. ക്ഷാമം, ബുദ്ധിമുട്ട് എന്നിവ അവനെ ഒരു ആവശ്യബോധത്തിൽ (need) എത്തിച്ചു. ആ ആവശ്യബോധം തുടർന്ന് അവനെ സുബോധത്തിലേക്ക് (came to his senses)നയിച്ചു. അതിൽനിന്നാണ് അനുതാപവും മടങ്ങിവരവും സംഭവിക്കുന്നത്. എന്നാൽ ഇന്നു പലപ്പോഴും പാപിക്കു രക്ഷയിലേക്കും പിന്മാറ്റക്കാരന് യഥാസ്ഥാന ത്വത്തിലേക്കും മടങ്ങിവരാൻ കഴിയാതിരിക്കുന്നതിനു കാരണം അവനു കഷ്ടപ്പാടും ബുദ്ധുമുട്ടും ക്ഷാമവും ഉണ്ടാകുന്നില്ല എന്നതല്ല, മറിച്ച് അത് അവനെ ഒരു ആവശ്യബോധത്തിലേക്കും (need) സുബോധത്തിലേക്കും (sense) നയിക്കുന്നില്ല എന്നതാണ്. സാഹചര്യമല്ല അതിനോടുള്ള പ്രതി കരണമാണു കാര്യങ്ങളെ വ്യത്യസ്തമാക്കുന്നത്. രണ്ടുപേർക്ക് ഒരേ സാഹ ചര്യം. ഒരാൾ അതിനോടു ധനാത്മകമായി (positive) പ്രതികരിക്കുന്നു. അയാൾക്കതു പ്രയോജനമാകുന്നു. മറ്റെയാൾ അതേ സാഹ ചര്യത്തോട് നിഷേധാത്മകമായി പ്രതിക



(ശേഷം പേജ് 38 ൽ)

സന്ദേശം

# യഥാർത്ഥ സഭയിലേയ്ക്ക് നഷ്ടപ്പെട്ടുപോയ പുത്രന്റെ മടങ്ങിവരവ്

## സാക് പുന്നൻ

രണ്ടു തരത്തിലുള്ള പിന്മാറ്റക്കാരുണ്ട്. ലൂക്കോ. 15-ാം അധ്യായത്തിൽ യേശു ഈ രണ്ടു തരക്കാരെയുംപറ്റി സംസാരിക്കുന്നതായി നാം കാണുന്നു. ഒന്നാമത്തെ വിഭാഗക്കാരെ യേശു 'കാണാതെപോയ ആട്' എന്ന പേരിൽ വിവരിച്ചിരിക്കുന്നു. രണ്ടാമത്തെ കൂട്ടരെപ്പറ്റി മുടിയൻ പുത്രന്റെ ഉപമയിലും പ്രസ്താവിച്ചിട്ടുണ്ട്.

**കാണാതെപോയ ആട്**

"നിങ്ങളിൽ ഒരാൾക്ക് നൂറു ആട് ഉണ്ടെന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ച് ആ കാണാതെ പോയതിനെ കണ്ടെത്തുംവരെ നോക്കിനടക്കാതിരിക്കുമോ?.... മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂ



*പല ആടുകളും തെറ്റിപ്പോകുന്നത് കാറും കറുപ്പുമുള്ള ദിവസങ്ങളിലാണ്. കിഴുക്കാംതൂക്കായ പാറയുടെ വക്കിനു വളരെ അടുത്തേക്ക് അവ പോകരുതായിരുന്നു,*

**ഒരു മത്സരത്തിന്റെ ആത്മാവിലല്ല അയാൾ സഭ വിട്ടുപോയത്. ഒരാടിനെപ്പോലെ അശ്രദ്ധമൂലം അയാൾ അകന്നുപോവുകയാണുണ്ടായത്. നല്ല ഇടയൻ അത്തരമൊരാടിനെത്തിരഞ്ഞുപോകയും കണ്ടെത്തും വരെ അന്വേഷിക്കയും ചെയ്യുന്നു. വലിയ ഇടയന്റെ കീഴിൽ ചെറിയ ഇടയന്മാരായിട്ടുള്ള നാമും അതുതന്നെ ചെയ്യണം. അശ്രദ്ധമൂലവും സാത്താന്റെ വഞ്ചന,സ്വന്തദുർമ്മോഹം എന്നിവയാലും സഭയിൽനിന്നു പിന്മാറിപ്പോയവരെ നാമും അന്വേഷിച്ചു പുറപ്പെടേണ്ടതാണ്.**

റ്റൊൻപതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കോ. 15:4,7).

ഒരു കോലാടിനെ (goat) അഥവാ അവിശ്വാസിയെയല്ല,മറിച്ച് ഒരു ചെമ്മരിയാടിനെ (sheep) അഥവാ വിശ്വാസിയെ, ഒരിക്കൽ ആട്ടിൻ തൊഴുത്തിലുണ്ടായിരുന്ന ആടിനെയാണ് ഇവിടെ ഇടയൻ അന്വേഷിച്ചു പോകുന്നത്.

വീണ്ടും ജനനം പ്രാപിച്ചവനും പിന്നീടു പിന്മാറിപ്പോയവനുമായ ഒരു വിശ്വാസിയെ സംബന്ധിക്കുന്നതാണ് ഈ ഉപമ. എങ്കിലും ഒരു മത്സരത്തിന്റെ ആത്മാവിലല്ല അയാൾ സഭ വിട്ടുപോയത്. ഒരാടിനെപ്പോലെ അശ്രദ്ധമൂലം അയാൾ അകന്നുപോവുകയാണുണ്ടായത്. ഒരു പക്ഷേ അയാൾ വഞ്ചിതനായിത്തീർന്നിരിക്കണം. ഒരു പക്ഷേ തന്റെ ബലഹീനത നിമിത്തം അയാൾക്ക് എതിർത്തു നിൽക്കാവുന്നതിലപ്പുറമായി അയാളെ ആകർഷിച്ച ലോകത്തിന്റെ വശീകരണശക്തിക്ക് അയാൾ അടിമപ്പെട്ടുപോയിരിക്കണം.

നല്ല ഇടയൻ അത്തരമൊരാടിനെത്തിരഞ്ഞുപോകയും കണ്ടെത്തും വരെ അന്വേഷിക്കയും ചെയ്യുന്നു. വലിയ ഇടയന്റെ കീഴിൽ ചെറിയ ഇടയന്മാരായിട്ടുള്ള നാമും അതുതന്നെ ചെയ്യണം. അശ്രദ്ധമൂലവും സാത്താന്റെ വഞ്ചന,സ്വന്തദുർമ്മോഹം എന്നിവയാലും സഭയിൽനിന്നു പിന്മാറിപ്പോയവരെ നാമും അന്വേഷിച്ചു പുറപ്പെടേണ്ടതാണ്.

ക്രിസ്തുവിന്റെ ജനനത്തിന് 600 വർഷം മുമ്പ് യിസ്രായേലിലെ ഇടയന്മാരെക്കുറിച്ച് കർത്താവ് ആരോപിച്ച ഒരു കുറ്റം ഇതായിരുന്നു:

"നിങ്ങൾ ബലഹീനമായതിനെ ശക്തീകരിക്കയോ ദീനം പിടിച്ചതിനെ ചികിത്സിക്കയോ ഒടിഞ്ഞതിനെ മുറിവുകെട്ടുകയോ ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ കാണാതെപോയതിനെ അന്വേഷിക്കയോ ചെയ്തിട്ടില്ല.....ഇടയൻ ഇല്ലായ്കകൊണ്ട് അവ ചിതറിപ്പോയി; ചിതറിപ്പോയിട്ട് അവ കാട്ടിലെ സകലമൃഗങ്ങൾക്കും ഇരയായിത്തീർന്നു. എന്റെ ആടുകൾ എല്ലാ മലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നുനടന്നു; ഭൂതലത്തിൽ ഒക്കെയും എന്റെ ആടുകൾ ചിതറിപ്പോയി; ആരും അവയെ തിരകയോ അന്വേഷിക്കയോ ചെയ്തിട്ടില്ല. അതുകൊണ്ട്..... ഞാൻ ഇടയ

ന്മാർക്കു വിരോധമായിരിക്കുന്നു..... ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞുനോക്കും ...... ഞാൻ എന്റെ ആടുകളെ അന്വേഷിച്ച് അവ കാറും കറുപ്പുമുള്ള ദിവസങ്ങളിൽ ചിതറിപ്പോയ സകല സ്ഥലങ്ങളിലും നിന്ന് അവയെ വിടുവിക്കും" ( യെഹ. 34:112).

പല ആടുകളും തെറ്റിപ്പോകുന്നത് കാറും കറുപ്പുമുള്ള ദിവസങ്ങളിലാണ്; എന്നുവച്ചാൽ തങ്ങൾക്കു സഹിക്കാവുന്നതിലപ്പുറമായ ഏതെങ്കിലുമൊരു കഷ്ടതയുടെയോ ദു:ഖത്തിന്റെയോ സമ്മർദ്ദംമൂലം തങ്ങൾ നിരാശരും മനസ്സുതകർന്നവരുമാകുമ്പോഴാണ്. താൻ തന്നെ അവരെ അന്വേഷിച്ചു തിരിയെക്കൊണ്ടുവരുമെന്ന് കർത്താവ് അരുളിചെയ്യുന്നു. തന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരായിത്തീരുക എന്നതായിരിക്കണം സഭയിലുള്ള സഹോദരിസഹോദരന്മാരായ നമ്മുടെ എല്ലാവരുടേയും ഹൃദയവാഞ്ഛ.

അത്തരം ആടുകളെ വിമർശിക്കയും കുറ്റം വിധിക്കയും ചെയ്യുന്ന പലരും ഉണ്ട്. കിഴുക്കാംതൂക്കായ പാറയുടെ വക്കിനു വളരെ അടുത്തേക്ക് അവ പോകരുതായിരുന്നു, മറ്റ് മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ച് അവ തനിയേ അലഞ്ഞുതിരിയാതെ കൂട്ടത്തിൽ മധ്യത്തിൽത്തന്നെ നിൽക്കണമായിരുന്നു, കള്ള ഇടയന്മാരുടെ ശബ്ദത്തിന് അവ ചെവികൊടുക്കരുതായിരുന്നു എന്നെല്ലാമായിരിക്കും അവരുടെ കുറ്റാരോപണം. ഈ ആടുകളുടെ പിന്മാറ്റത്തിനുള്ള കാരണങ്ങൾ അപഗ്രഥിച്ചു കണ്ടുപിടിക്കുവാൻ കഴിവുള്ള വിദഗ്ധന്മാർക്ക് ഒരു പഞ്ഞവുമില്ല. എന്നാൽ ഈ ആടുകളെ തിരഞ്ഞുപോയി അവയെ തിരിയെ കൊണ്ടുവരു

**സഭയുടെ സാക്ഷ്യത്തെ ദുഷിപ്പിക്കുവാൻ സാത്താനാൽ അയയ്ക്കപ്പെട്ട നുഴഞ്ഞുകയറ്റക്കാരെയും അവിശ്വാസികളെയും കൊണ്ടു ദൂഷിതമായിത്തീർന്നവയാണ് ക്രൈസ്തവലോകത്തിലെ എല്ലാ സമൂഹങ്ങളും. യേശുക്രിസ്തുവിനു പോലും തന്റെ 'സഭ'യിൽ ഒരു ഈസ്കര്യോത്തായൂദാ ഉണ്ടായിരുന്നു. അപ്പോസ്തലന്മാർക്ക് താന്താങ്ങളുടെ കൂട്ടത്തിൽ അനന്യാസുമാരും സഫീറാമാരും ദേമാസുമാരും ഉണ്ടായിരുന്നു. എന്നാൽ അക്കാലത്ത് ഇവരിലാരുംതന്നെ സഭയിൽ പ്രാമുഖ്യം നേടിയില്ല.**

ന്നവരും ദൈവത്തിന്റെ ഹിതപ്രകാരമുള്ളവരുമായ ഇടയന്മാരുടെ കുറവാണ് ഇന്നത്തെ ദു:ഖകരമായ അവസ്ഥ. സഭയിൽ ഇന്നുള്ള വലിയ ആവശ്യം ഇതത്രേ.

**കർത്താവിന്റെ യഥാർത്ഥ ആട്ടിൻകൂട്ടം**

ഈ ഉപമയിൽ കർത്താവ് തന്റെ ആട്ടിൻകൂട്ടത്തെപ്പറ്റി 'മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത നീതിമാന്മാർ' എന്നു പ്രസ്താവിച്ചിരിക്കുന്നു (ലൂക്കോ. 15:7).

അദ്ഭുതാവഹമായ വാക്കുകൾ! കർത്താവുതന്നെ അവർക്ക് മാനസാന്തരത്തിന്റെ ആവശ്യമില്ല എന്നുസാക്ഷ്യപ്പെടുത്തുമാറ് എല്ലാ ബോധപൂർവമായ പാപങ്ങളുടെമേലും അത്രമാത്രം വിജയം നേടി ജീവി

**കൂട്ടത്തിൽ തൊണ്ണൂറ്റൊൻപതാടുകളും രോഗബാധിതരും അന്യോന്യം കടിച്ചുകീറുന്നവരുമായി നിതിമാന്മാരല്ലാതെ, ധാരാളം കാര്യങ്ങളിൽ മാനസാന്തരമാവശ്യമുള്ളവരായിക്കഴിയുന്ന ഒരു കൂട്ടത്തിലേക്ക് നഷ്ടപ്പെട്ട ഒരാടിനെ കൂട്ടികൊണ്ടുവരുന്ന സുവിശേഷ പ്രവർത്തനം തികച്ചും ഫലശൂന്യമാണ്. അത്തരമൊരു കൂട്ടായ്മയിൽ ചേരുന്ന പക്ഷം നഷ്ടപ്പെട്ടുപോയ ഒരാട് കൂടുതൽ നഷ്ടപ്പെട്ടതായിത്തീരുകയേ ഉള്ളു. അപ്രകാരമുള്ള ഒരാട് വെളിമ്പ്രദേശത്തായിരിക്കും കൂടുതൽ സുരക്ഷിതനായിരിക്കുക.**

ക്കുന്ന മനുഷ്യർ ഈ ഭൂമിയിൽ ഉണ്ടാവുക സാധ്യമാണോ?

അതേ, അങ്ങനെയുള്ള ദൈവഭക്തരായ ആളുകൾ ഇന്നും ഭൂമിയിലുണ്ട്. അവരാണ് കർത്താവിന്റെ യഥാർത്ഥ ആട്ടിൻകൂട്ടം. അപ്രകാരമുള്ളവർ മാത്രമുള്ള യാതൊരു സഭയും ഭൂമിയിലില്ല. കാരണം സഭയുടെ സാക്ഷ്യത്തെ ദുഷിപ്പിക്കുവാൻ സാത്താനാൽ അയയ്ക്കപ്പെട്ട നുഴഞ്ഞുകയറ്റക്കാരെയും അവിശ്വാസികളെയും കൊണ്ടു ദൂഷിതമായിത്തീർന്നവയാണ് ക്രൈസ്തവലോകത്തിലെ എല്ലാ സമൂഹങ്ങളും. യേശുക്രിസ്തുവിനു പോലും തന്റെ 'സഭ'യിൽ ഒരു ഈസ്കര്യോത്താ യൂദാ ഉണ്ടായിരുന്നു. അപ്പോസ്തലന്മാർക്ക് താന്താങ്ങളുടെ കൂട്ടത്തിൽ അനന്യാസുമാരും സഫീറാമാരും ദേമാസുമാരും ഉണ്ടായിരുന്നു. എന്നാൽ അക്കാലത്ത് ഇവരിലാരുംതന്നെ സഭയിൽ പ്രാമുഖ്യം നേടിയില്ല. അപ്രകാരമായിരുന്നു യേശുവും അപ്പോസ്തലന്മാരും തങ്ങളുടെ കൂട്ടായ്മയുടെ വിശുദ്ധി നിലനിറുത്തിയത്.

മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്തവരെന്നു കർത്താവു പ്രസ്താവിക്കുന്ന ഈ നീതിമാന്മാരാണ് യേശുക്രിസ്തുവിന്റെ യഥാർത്ഥ സഭ. ഈ ആളുകൾ തങ്ങളുടെ മനസ്സാക്ഷിയെ ദൈവത്തിന്റെ നേരെയും മനുഷ്യരുടെ നേരേയും കുറ്റമില്ലാത്ത ഒന്നായി നിലനിറുത്തുവാൻ എപ്പോഴും പ്രയത്നിച്ചുകൊണ്ട് ദൈവത്തിന്റെ ദൃഷ്ടിയിൽ നിർമ്മലരായി ജീവിക്കുന്നു. ദൈവത്തിനെതിരായി ഉയരുന്ന ഏറ്റവും ചെറിയ ചിന്തകളെ ഏറ്റുപറയുന്നതിൽ തിടുക്കമുള്ളവരാണ് അവർ. അതുപോലെതന്നെ മനുഷ്യർക്കെതിരായുള്ള ഏറ്റവും ചെറിയ വാക്കിനെയും പ്രവൃത്തിയെയും ഏറ്റുപറയുവാനും അവർ തിടുക്കം കാട്ടുന്നു. അങ്ങനെ അവർ നിരന്തരമായ മാനസാന്തരത്തിൽത്തന്നെ എപ്പോഴും ജീവിക്കുകയാൽ തങ്ങളുടെ ജീവിതത്തിലെ എല്ലാ ദിവസങ്ങളിലും മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്തവരായി ജീവിക്കുന്നു. ഇവർ, ഇവർ മാത്രമാണ് യേശുക്രിസ്തുവിന്റെ യഥാർത്ഥ ആട്ടിൻകൂട്ടം.

കർത്താവ് ഇന്നു കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന എല്ലാ സഭകളിലും ഇപ്രകാരം മാനസാന്തരം ആവശ്യമില്ലാത്ത നീതിമാന്മാരുടെ ഒരു കേന്ദ്രവ്യൂഹം ഉണ്ടായിരിക്കണം. അങ്ങനെ

യെങ്കിൽ മാത്രമേ ഈ അന്ത്യനാളുകളിൽ ആ സഭ കർത്താവിന് നിർമ്മലവും സുശക്തവുമായ ഒരു സാക്ഷ്യമായിത്തീരുകയുള്ളു. എല്ലാ പിന്മാറ്റക്കാരും (അതായത് കാണാതെ പോയ ആടുകളും) അപ്രകാരമുള്ള ദൈവഭക്തരായ ജനങ്ങളുടെ കൂട്ടായ്മയിലേക്കാണ് ചേർന്നു വരേണ്ടത്; 'സഭ'യെന്നു സ്വയം വിളിക്കുന്ന നാമധേയസമൂഹങ്ങളോടല്ല.

കൂട്ടത്തിൽ തൊണ്ണൂറ്റൊൻപതാടുകളും രോഗബാധിതരും അന്യോന്യം കടിച്ചുകീറുന്നവരുമായി നിതിമാന്മാരല്ലാതെ, ധാരാളം കാര്യങ്ങളിൽ മാനസാന്തരമാവശ്യമുള്ളവരായിക്കഴിയുന്ന ഒരു കൂട്ടത്തിലേക്ക് നഷ്ടപ്പെട്ട ഒരാടിനെ കൂട്ടികൊണ്ടുവരുന്ന സുവിശേഷ പ്രവർത്തനം തികച്ചും ഫലശൂന്യമാണ്. അത്തരമൊരു കൂട്ടായ്മയിൽ ചേരുന്ന പക്ഷം നഷ്ടപ്പെട്ടുപോയ ഒരാട് കൂടുതൽ നഷ്ടപ്പെട്ടതായിത്തീരുകയേ ഉള്ളു. അപ്രകാരമുള്ള ഒരാട് പിന്മാറ്റത്തിലായ അത്തരമൊരു സഭയെക്കാൾ വെളിമ്പ്രദേശത്തായിരിക്കും കൂടുതൽ സുരക്ഷിതനായിരിക്കുക. ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടപ്പോൾ ഇല്ലാതിരുന്ന പുതിയ രോഗങ്ങൾ പിന്നീടു ബാധിക്കുമാറ് വൃത്തിഹീനമായ ഒരാശുപത്രിയിലേക്ക് രോഗികളെ പ്രവേശിക്കുന്നതുപോലെയാണ് ഇക്കാലത്തുള്ള ഇത്തരം സഭകളിലേക്കു കണ്ടുകിട്ടിയ ആടുകളെ കൂട്ടിക്കൊണ്ടുവരുന്നത്! സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനു മുമ്പ് ആദ്യമായിത്തന്നെ ചെയ്യേണ്ടിയിരിക്കുന്നത് സഭയ്ക്കുള്ളിൽത്തന്നെ സമ്പൂർണ്ണമായ ഒരു ശുദ്ധീകരണം വരുത്തുക എന്നതാണ്.

**നഷ്ടപ്പെട്ടുപോയ പുത്രൻ**

"ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു.... ഇളയ മകൻ സകലവും സ്വരൂപിച്ചു ദൂരദേശത്തേക്കു യാത്രയായി. അവിടെ ദുർന്നടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കിക്കളഞ്ഞു... സുബോധം വന്നിട്ട് അവൻ...."ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽച്ചെന്ന് അവനോട് 'അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ' എന്നു പറയും" എന്നു പറഞ്ഞു" (ലൂക്കോ. 15:11–24).

ഇവിടെയുള്ള പിന്മാറ്റക്കാരൻ കാണാതെപോയ ആടിൽനിന്നു വ്യത്യസ്തനാണ്. തൻകാര്യം അന്വേഷിച്ച് പിതാവിനെ വിട്ടുപോകയും പിതാവിനേയും ഭവനത്തേയും കുടുംബാംഗങ്ങളെയും വിമർശിക്കുകയും ചെയ്ത ഒരു പുത്രനായിരുന്നു അയാൾ. സഭയിലുള്ള മൂപ്പന്മാരെയും സഹോദരിസഹോദരന്മാരെയും അയാൾ വിമർശിക്കുകയും അവർക്കെതിരെ തന്നെത്തന്നെ ഉയർത്തുകയും ചെയ്തുപോന്നു.

നേരത്തേ പറഞ്ഞ ഉപമയിൽനിന്നു വ്യത്യസ്തമായി ഈ ഉപമയിൽ നഷ്ടപ്പെട്ടുപോയ പുത്രനെത്തേടി പിതാവു പോകുന്നതായി നാം കാണുന്നില്ല. താൻ വിതച്ചതു കൊയ്യുവാനും തന്റെ മത്സരത്തിന്റെ ഫലങ്ങൾ അനുഭവിക്കുവാനും ഇവിടെ പിതാവ് നഷ്ടപ്പെട്ടുപോയ പുത്രനെ അനുവദിക്കുന്നു. പുത്രൻ തന്റെ വഴിയുടെ ദോഷം മനസ്സിലാക്കി പശ്ചാത്തപിക്കുമ്പോൾ സ്വന്തഹിതത്താൽ തന്നെ പിതാവിന്റെ ഭവനത്തിലേക്കു മടങ്ങിവരികയാണ്. ആരും അയാളെ തോളിലേറ്റി

**തങ്ങളുടെ സ്വർഗ്ഗീയപിതാവി നെയും അവിടുത്തെ ഭവന ത്തെയും വിട്ടുപോയ മത്സരിക ളായ മക്കളെ നാം തീറ്റിപ്പോറ്റുന്ന പക്ഷം അവർ ഒരിക്കലും ദൈവ ത്തിന്റെ അടുക്കലേക്കു മടങ്ങി വരാതിരിക്കുന്നതായിരിക്കും അതിന്റെ ഫലം. അത്തരം പ്രവൃ ത്തികൾ കാരുണ്യത്തിന്റെയല്ല, ഭോഷത്തത്തിന്റെതന്നെ പ്രവൃ ത്തികളാണ്. സ്വന്തം ബഹുമാ നവും പ്രശസ്തിയും ആഗ്രഹി ക്കുന്നതുമൂലമാണ് മത്സരിക ളായ വിശ്വാസികളെ ശാസിക്കു ന്നതിനുപകരം അവരോട് ഇക്കൂട്ടർ ദയാപൂർവം സംസാരിക്കുന്നത്.**

വീട്ടിലേക്കു കൊണ്ടുവരുന്നില്ല. അയാൾ പശ്ചാത്തപിച്ച് സ്വന്തഹിതം മൂലംതന്നെ ഗതിയറ്റവനും ക്ഷീണിതനുമായി മടങ്ങിവന്നു. ഇത്തരം പിന്മാറ്റക്കാരുടെനേരേയുള്ള ദൈവത്തിന്റെ സ്നേഹം അവരെത്തേടി പിന്നാലെ പോകുന്നതിലല്ല, പിന്നെയോ തങ്ങൾ പശ്ചാത്താപപൂർണ്ണരായും ഗതിയറ്റവരായും തീരുകയും തകർന്ന ഹൃദയത്തോടും പൂർണ്ണമായ മാനസാന്തരത്തോടുംകൂടെ തന്റെ അടുക്കലേക്കു മടങ്ങിവരികയും ചെയ്യുന്നതുവരെ തങ്ങൾ വിതച്ചതു കൊയ്യുവാൻ അവരെ അനുവദിക്കുന്നതിലാണ് വ്യക്തമാകുന്നത്.

എല്ലാ സഭകളിലുമുള്ള ഭൂരിപക്ഷം വിശ്വാസികളും ജഡികരായിരിക്കുക മൂലം അവർക്കു ജ്ഞാനമില്ലാതെയും ഈ രണ്ടുതരം പിന്മാറ്റക്കാർ തമ്മിലുള്ള വ്യത്യാസം അവർ മനസ്സിലാക്കാതെയും ഇരിക്കുന്നു. ഒരു വശത്ത് മത്സരികളായ മക്കളെ അവർ തോളിലേറ്റി സഭയിലേക്കു തിരിയെ കൊണ്ടുവരികയും അപ്രകാരം ചെയ്യാത്തതിനു മൂപ്പന്മാരെ വിമർശിക്കുകയും ചെയ്യുന്നു. മറുവശത്ത് നഷ്ടപ്പെട്ടുപോയ ആടുകളെ അവർ അവഗണിക്കുകയും അവയെ തേടിപ്പിടിച്ച് തിരിയെക്കൊണ്ടു വരുവാൻ ഒന്നും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നു. ശാസിക്കേണ്ടവരെ അവർ സാന്ത്വനിപ്പിക്കുകയും സാന്ത്വനിപ്പിക്കേണ്ടവരെ ശാസിക്കുകയും ചെയ്യുന്നു.

തങ്ങളുടെ സ്വർഗ്ഗീയപിതാവിനെയും അവിടുത്തെ ഭവനത്തെയും വിട്ടുപോയ മത്സരികളായ മക്കളെ നാം തീറ്റിപ്പോറ്റുന്നപക്ഷം അവർ ഒരിക്കലും ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിവരാതിരിക്കുന്നതായിരിക്കും അതിന്റെ ഫലം. അത്തരം പ്രവൃത്തികൾ കാരുണ്യത്തിന്റെയല്ല, ഭോഷത്തത്തിന്റെതന്നെ പ്രവൃത്തികളാണ്. സ്വന്തം ബഹുമാനവും പ്രശസ്തിയും ആഗ്രഹിക്കുന്നതുമൂലമാണ് മത്സരികളായ വിശ്വാസികളെ ശാസിക്കുന്നതിനുപകരം അവരോട് ഇക്കൂട്ടർ ദയാപൂർവം സംസാരിക്കുന്നത്. അവരുടെ വാക്കുകളും പ്രവൃത്തികളും നിമിത്തം ഈ നഷ്ടപ്പെട്ട മക്കൾ ദൂരദേശത്ത് കൂടുതൽ കാലം പാർക്കുവാനിടയാവുകയും ചിലപ്പോൾ ഒരിക്കലും തിരിച്ചെത്താതിരിക്കുകയും ചെയ്യുന്നു. വിദൂരദേശത്തു നാശമടയുകയും അന്തിമമായി നരകത്തിൽപ്പോവുകയും ചെയ്യുന്ന ഈ മുടിയൻപുത്രന്മാരുടെ രക്തം തീർച്ചയായും അവരെ സഹായിക്കുകയും

*(ശേഷം പേജ് 33 ൽ)*

ചിന്തയ്ക്ക്

## നിങ്ങൾ സേവിക്കുന്നത് ആരെ?-2

# പണത്തോടുള്ള മനോഭാവം

*(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച ...)*

**പണസംബന്ധമായ കാര്യങ്ങളിൽ നീതി പുലർത്തുക**

പണസംബന്ധമായ കാര്യങ്ങളിൽ നീതി പുലർത്തുക എന്ന ബാലപാഠം നാം ആദ്യം അഭ്യസിക്കുന്നില്ലെങ്കിൽ പണത്തെ വെറുക്കുവാനും നിന്ദിക്കുവാനും നമുക്കു സാധ്യമല്ല. ഇതിന്റെ അർത്ഥം കൈസറിനുള്ളതു നാം അയാൾക്കു നല്കണമെന്നാണ്. മറ്റൊരാളുടെ വകയായ യാതൊരു വസ്തുവും നമ്മുടെ പക്കൽ ഉണ്ടായിരിക്കരുത്.

ഗവൺമെന്റിനു ചെല്ലേണ്ട നികുതി നൽകാതെ ഗവൺമെന്റിന് (കൈസറിനു) നാം ഒന്നിലും കടപ്പെട്ടിരിക്കരുത്. മറ്റൊരാളോടു കടം വാങ്ങിയശേഷം തിരിച്ചുകൊടുക്കാത്തതോ ഒരാളിൽനിന്നോ ഒരാഫീസിൽനിന്നോ വ്യാജമായി എടുത്തതോ നീതിപൂർവമല്ലാതെ സമ്പാദിച്ചതോ ആയ പണം നമ്മുടെ കൈവശം ഉണ്ടായിരിക്കരുത്. നിങ്ങൾ ആരോടെങ്കിലും കടപ്പെട്ടിരിക്കുന്നുവെങ്കിൽ നിങ്ങളുടെയും നിങ്ങളുടെ കുട്ടികളുടെയും തലമേൽ ഒരു ശാപം തൂങ്ങിക്കിടക്കുവാനിടയാക്കുന്നതിനെക്കാൾ പട്ടിണി കിടന്നിട്ടായാലും ആ കടം വീട്ടുന്നതാണ് നിങ്ങൾക്കു നല്ലത്.

കഴിഞ്ഞകാലത്തു നാം അന്യായമായി കരസ്ഥമാക്കിയിട്ടുള്ള എല്ലാ പണവും വസ്തുവകകളും നാം തിരിച്ചു നൽകണം. ആ തിരിച്ചു നൽകലിന് ഒരുവേള പല വർഷങ്ങൾ വേണ്ടി വന്നാലും നാമതു ചെയ്യണം. ഈ തിരിച്ചുനൽകൽ നടത്തുവാനായി സക്കായി തീരുമാനിച്ച നിമിഷത്തിൽത്തന്നെ അവന്റെ ഭവനം അനുഗ്രഹിക്കപ്പെട്ടു.(ലൂക്കോ.19:9) നിങ്ങളുടെ ഭവനവും അപ്രകാരമൊരു തീരുമാനം നിങ്ങൾ എടുക്കുന്ന അതേ ദിനത്തിൽ തന്നെ അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ കടം വളരെ വലുതായിരുന്നാലും അധൈര്യപ്പെടരുത്. നിങ്ങൾക്കു കഴിയുന്ന ഒരു തുക തിരികെക്കൊടുക്കുവാൻ ആരംഭിക്കുക. അത് ഒരു മാസം പത്തുരൂപ ആയിരുന്നാലും തരക്കേടില്ല. നിങ്ങൾ മുഴുവനും തിരിച്ചുകൊടുത്തോ എന്നതിനെയല്ല, തിരിച്ചുകൊടുപ്പാനുള്ള നിങ്ങളുടെ കഴിവിന്റെ അടിസ്ഥാനത്തിൽ കൊടുക്കുവാൻ സന്നദ്ധമായ ഒരു ഹൃദയം നിങ്ങൾക്കുണ്ടെങ്കിൽ ദൈവം നിങ്ങളെ അംഗീകരിക്കുമെന്നു ബൈബിൾ പറയുന്നു. (2 കൊരി. 8:12).

അനീതിയായി കരസ്ഥമാക്കിയ പണമോ വസ്തുവകകളോ നിങ്ങളുടെ ഭവനത്തിൽ ഉള്ളപക്ഷം,

**വിശ്വാസികൾക്ക് മാമ്മോന്റെനേരെയുള്ള അടിമത്തം വിവാഹങ്ങളിൽ വ്യക്തമായി കാണാൻ കഴിയും. അവിടെ ദ്രവ്യസ്നേഹവും അത്യാഗ്രഹവും ലജ്ജകൂടാതെ പ്രദർശിതമാകും. എല്ലാ സഭാവിഭാഗങ്ങളിലുമുള്ള സകല വിശ്വാസികളും പിന്തുടർന്നുപോരുന്ന സ്ത്രീധനസമ്പ്രദായത്തെപ്പറ്റി ചിന്തിക്കുക. സ്ത്രീധനം ചോദിക്കുന്നവർ ക്രിസ്തുവിന്റെ നാമത്തിന് ഒരപമാനമാണ്. തീർച്ചയായും അവർ അവിടുത്തെ ശിഷ്യന്മാരല്ല. സ്ത്രീധനം പ്രതീക്ഷിക്കുന്നവരും ഒട്ടും തന്നെ മെച്ചമല്ല.**

"ദൈവം ഞങ്ങളുടെ ഭവനത്തെ അനുഗ്രഹിക്കട്ടെ" എന്നെഴുതിയ ബോർഡ് അവിടെത്തൂക്കിയതുകൊണ്ടുമാത്രം ഒരു ഫലവുമില്ല. അത്തരമൊരു ഭവനത്തെ അനുഗ്രഹിക്കുവാൻ ദൈവത്തിനു സാധ്യമല്ല.

നിങ്ങളുടെ ജീവിതത്തിലുള്ള അത്തരം സാമ്പത്തികക്രമക്കേടുകൾ നിങ്ങൾ പരിഹരിക്കുന്നില്ലെങ്കിൽ നിങ്ങൾ എവിടെപ്പോയാലും ഒരു ചങ്ങല വലിച്ചിഴച്ചുകൊണ്ടായിരിക്കും നിങ്ങൾ സഞ്ചരിക്കുന്നത്. കർത്താവ് വേഗത്തിൽ മടങ്ങിവരുന്ന പക്ഷം അവിടുത്തോടൊപ്പം എടുക്കപ്പെടുവാൻ നിങ്ങൾ അയോഗ്യനായിരിക്കും. ഈ ഒരൊറ്റ കാരണത്താൽ വിശ്വാസികളെന്നു പേരുള്ള പലരും എടുക്കപ്പെടാതെ പിന്നിൽ തള്ളപ്പെടും.

ആരോടും ഒന്നും കടപ്പെട്ടിരിക്കരുത് എന്നു ബൈബിൾ നമ്മോടു കല്പിക്കുന്നു (റോമർ 13:8) എല്ലാ കടംവാങ്ങലും തവണയടച്ചു വാങ്ങുന്നതുമെല്ലാം നാം ഒഴിവാക്കണമെന്നാണ് അതിന്റെ അർത്ഥം.

ലോകം നമ്മെ ഉപദേശിക്കുന്നതുപോലെ "ഇപ്പോൾ വാങ്ങിയിട്ട് പിന്നീടു പണം കൊടുക്കു"ന്നതിനെക്കാൾ "ഇപ്പോൾ മിച്ചം വച്ചിട്ട് പിന്നീടു വാങ്ങു"ന്നതാണ് നല്ലത്.

ഒരടിയന്തിരഘട്ടത്തിൽ ഒരാളിൽനിന്നു നിങ്ങൾ പണം കടം വാങ്ങുന്നപക്ഷം കഴിവതും നേരത്തേ ആ കടം വീട്ടുന്നുവെന്ന് ഉറപ്പു വരുത്തുക. വേണ്ടിവന്നാൽ അതു വീട്ടുന്നതിന് നിങ്ങളുടെ വീട്ടിൽ ഉള്ള സ്വർണ്ണം വിറ്റുകളയുക. ഒരു നിശ്ചിതതീയതിക്കു പണം തിരിച്ചുകൊടുക്കാമെന്നു നിങ്ങൾ വാഗ്ദാനം ചെയ്തശേഷം അപ്രകാരം കൊടുക്കാൻ സാധിക്കാതെ വന്നാൽ കടം തന്നയാളിന്റെയടുക്കൽ ചെന്ന് വിനയപൂർവം ക്ഷമ ചോദിക്കുകയും കടം വീട്ടുവാൻ സമയം നീട്ടിത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്ക. ആ കാര്യത്തെപ്പറ്റി മൗനം ഭജിച്ചതിന്റെ ശേഷം നിങ്ങൾക്കു സൗകര്യപ്പെടുമ്പോൾ കടം വീട്ടുന്നത് അനീതിയാണ്.

നിങ്ങൾ കടം വീട്ടേണ്ട വ്യക്തി ഇപ്പോൾ എവിടെയാണെന്ന് നിങ്ങൾക്കറിവില്ലാത്ത സാഹചര്യത്തിൽ ആ പണം സഭയ്ക്കു നൽകുവാൻ കഴിയും. എന്തെന്നാൽ അന്തിമമായി സകല പണവും ദൈവത്തിന്റെ വകയാണ് (സംഖ്യാ.5:8 നോക്കുക). എന്നാൽ ഒരിക്കലും ആ വക പണം നമ്മുടെ പക്കൽ സൂക്ഷിക്കരുത്; കാരണം ന്യായമായി നമ്മുടേതല്ലാതെ നാം വച്ചുകൊണ്ടിരിക്കുന്ന പണം ശാപകരമാണ്.

വിശ്വാസികൾക്ക് മാമ്മോന്റെനേ

രെയുള്ള അടിമത്തം വിവാഹങ്ങളിൽ വ്യക്തമായി കാണാൻ കഴിയും. അവിടെ ദ്രവ്യസ്നേഹവും അത്യാഗ്രഹവും ലജ്ജകൂടാതെ പ്രദർശിതമാകും. എല്ലാ സഭാവിഭാഗങ്ങളിലുമുള്ള സകല വിശ്വാസികളും പിന്തുടർന്നു പോരുന്ന സ്ത്രീധനസമ്പ്രദായത്തെപ്പറ്റി ചിന്തിക്കുക. സ്ത്രീധനം ചോദിക്കുന്നവർ ക്രിസ്തുവിന്റെ നാമത്തിന് ഒരപമാനമാണ്. തീർച്ചയായും അവർ അവിടുത്തെ ശിഷ്യന്മാരല്ല. സ്ത്രീധനം പ്രതീക്ഷിക്കുന്നവരും ഒട്ടും തന്നെ മെച്ചമല്ല.

അനേകം വിവാഹാഘോഷങ്ങളിലും കാണപ്പെടുന്ന ധനദുർവ്യയത്തെക്കുറിച്ചും കൂടെ ചിന്തിച്ചുനോക്കുക. നിങ്ങൾക്കു താങ്ങാൻ കഴിവുണ്ടെങ്കിൽ വിവാഹത്തിന് നല്ല സ്വീകരണം (പാർട്ടി) നടത്തുന്നതിൽ തെറ്റില്ല. എന്നാൽ കേമമായ ഒരു സ്വീകരണം നടത്തുവാൻ പല വിശ്വാസികളും പണം കടം വാങ്ങുക പതിവാണ്. ഇതു ദോഷകരം തന്നെ. പണം കടം വാങ്ങി കേമമായ ഒരു സദ്യ നടത്തുന്നതിനെക്കാൾ ചെലവു കുറഞ്ഞ ലളിതമായ ഒരു സ്വീകരണം നടത്തുന്നത് എത്രയോ നന്നാണ്. എന്നാൽ കഷ്ടം തന്നെ! ഇത്തരം സന്ദർഭങ്ങളിൽ പലരുടേയും മനസ്സിൽവരുന്ന ചിന്ത 'ദൈവം എന്തു കരുതും'? എന്നതല്ല, 'മറ്റുള്ളവർ എന്തു കരുതും?' എന്നതാണ്. ദൈവത്തിന്റെ അഭിപ്രായത്തെക്കാൾ അവർ മനുഷ്യരുടെ അഭിപ്രായത്തെയാണ് ഭയപ്പെടുന്നത്.

എന്തു വില കൊടുക്കേണ്ടിവന്നാലും സഭയിൽ ഈ സന്ദേശം ദൂഷിതമാകുവാൻ നാം അനുവദിക്കരുത്. ഒത്തുതീർപ്പുകാരായ ഒരു വലിയ സംഖ്യ ആളുകളെക്കാൾ, പൂർണ്ണമനസ്കരായ ചുരുക്കം ആളുകളോടു കൂടിയ ഒരു ചെറിയ സഭ പണിയുന്നതാണ് ഉത്തമം.

**പണത്തിന്റെ കാര്യത്തിൽ വിശ്വസ്തരായിരിക്കുക**

പണസംബന്ധമായ കാര്യത്തിൽ നീതി പുലർത്തുവാൻ നാം പഠിച്ചു കഴിഞ്ഞാൽ സാമ്പത്തികമായ വിശ്വസ്തതയിലേക്കു നാം പുരോഗമിക്കേണ്ടതാവശ്യമാണ്.

ദൈവത്തിനുള്ളതു ദൈവത്തിനു നൽകണമെന്നു യേശു പറഞ്ഞപ്പോൾ അവിടുന്ന് എന്താണർത്ഥമാക്കിയത്? നമ്മുടെ ദശാംശം ദൈവത്തിനു കൊടുക്കണമെന്നാണോ അവിടുന്ന് ഉദ്ദേശിച്ചത്? പഴയ ഉടമ്പടിയിൻകീഴിൽ യിസ്രായേൽ ജനങ്ങൾ ദൈവത്തിനു നൽകേണ്ടിയിരുന്നത് അത്രമാത്രമായിരുന്നു. ദൈവത്തിനു ചെല്ലേണ്ടതാണത്. ഒരിക്കൽ അതു നൽകിക്കഴിഞ്ഞാൽ ശേഷിച്ചതെല്ലാം അവരുടെ സ്വന്തമായിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൻകീഴിൽ കാര്യം വ്യത്യസ്തമാണ്.

നാം നമുക്കുള്ളത് നൂറുശതമാനവും ദൈവത്തിനു നൽകേണ്ടതാണെന്ന് സ്വന്തം ജീവിതം മുഖേന യേശു കാണിച്ചുതന്നു. യേശു തന്റെ പിതാവിനോടു പറഞ്ഞു: "എന്റേതെല്ലാം അങ്ങയുടേതാണ്" (യോഹ. 17:10) അവിടുന്നു വന്നത് നമ്മെ ന്യായ പ്രമാണത്തിന്റെ (പത്തിലൊന്നു നൽകുന്നതിന്റെ) ദാസ്യത്തിൽനിന്നു വിടുവിച്ച് കൃപയുടെ സ്വാതന്ത്ര്യത്തിലേക്ക് (നൂറുശതമാനവും സന്തോഷത്തോടെ ദൈവത്തിനു നൽകുന്നതിൽനിന്നുണ്ടാകുന്ന സ്വാതന്ത്ര്യത്തിലേക്ക്) നയിക്കുന്നതിനാണ്.

നാം സകലവും ദൈവത്തിനായി നൽകുന്നത് അപ്രകാരം ചെയ്യണമെ

**"നമ്മുടെ എല്ലാ സമ്പത്തും കൈവിട്ടുകളയുക" എന്നതിന്റെ അർത്ഥം ഇതാണ്. നമുക്കു ഭൗതികമായി പല വസ്തുക്കൾ ഉണ്ടെങ്കിലും അവയൊന്നും ഇനിമേൽ നമ്മുടേതെന്ന നിലയിൽ നാം കൈവശം വയ്ക്കുന്നില്ല. എല്ലാ ഭൗതികവസ്തുക്കളിൽനിന്നും നാം നമ്മെത്തന്നെ വേർപെടുത്തിയിരിക്കുന്നു. അങ്ങനെ ജീവിതത്തിൽ മാമ്മോനെ ആരാധിക്കുന്നതിൽനിന്നു നാം സ്വതന്ത്രരായിരിക്കുന്നു. എല്ലാ ഭൗതികസമ്പത്തിനെയും ഉപേക്ഷിച്ച ഹൃദയമാണ് ശുദ്ധമായ ഹൃദയം.**

ന്നുള്ള ഏതെങ്കിലും കല്പനയുള്ളതുകൊണ്ടല്ല, ഏതു നിലയിലും എല്ലാം ന്യായമായിത്തന്നെ ദൈവത്തിന്റേതാണെന്ന് അംഗീകരിക്കുന്നതുമൂലമാണ് നാം ഒന്നാമത് അപ്രകാരം ചെയ്യുന്നത്. "ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതല്ലോ" (1 കൊരി. 10:26). വീടുകൾ, നിലങ്ങൾ, സ്വർണ്ണം, വെള്ളി തുടങ്ങിയവയെല്ലാം ആ പൂർണ്ണതയിൽ ഉൾപ്പെടുമല്ലോ.

നാം കൂടുതൽ സമ്പാദിച്ചിട്ടുണ്ടെങ്കിൽ "ധനമുണ്ടാക്കുവാൻ നമുക്കു ശക്തി നൽകുന്നതു കർത്താവാണ്" എന്നു നാം മറക്കരുത് (ആവർ. 8:18) അതുകൊണ്ട് നമ്മുടെ ധനം നമുക്കിഷ്ടം പോലെ ചെലവഴിക്കുമാറ് നമ്മുടെ സ്വന്തമല്ല. ഓരോ കാര്യത്തിലും കർത്താവിന്റെ പ്രത്യേകമായ മാർഗ്ഗനിർദ്ദേശം ആരായാതെ നമുക്കു ചെലവാക്കുവാനോ കടം കൊടുക്കുവാനോ ദാനം ചെയ്യുവാനോ സാധ്യമല്ല. കാരണം, നമ്മുടെ ധനമെല്ലാം ഇപ്പോൾ അവിടുത്തെ വകയാണ്.

രണ്ടാമതായി, നാം സകലവും കർത്താവിനായി നൽകുന്നത് പൂർണ്ണ ഹൃദയത്തോടെ നാം അവിടുത്തെ സ്നേഹിക്കുന്നതുകൊണ്ടാണ്. ഇപ്പോൾ നമ്മുടെ പണം നമ്മുടെ സ്വർഗ്ഗീയമണവാളനോടൊപ്പം ഒരു ജോയിന്റ് അക്കൗണ്ടിലാണ് സൂക്ഷിക്കപ്പെട്ടിട്ടുള്ളത്. നാം ഒരു പ്രത്യേക കണക്കുവച്ചിട്ട് ഓരോ മാസവും 10 ശതമാനം അവിടുത്തേക്കു നൽകുകയല്ല ചെയ്യുന്നത്. നേരെ മറിച്ച് നാം ഇങ്ങനെ പറയും: "കർത്താവേ, എന്റേത് എല്ലാം അങ്ങയുടേതാണ്." ഇപ്രകാരമുള്ള ഒരു മനുഷ്യനു മാത്രമേ താൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നും മാമ്മോനെ (ധനത്തെ) വെറുക്കുന്നുവെന്നും പറയാൻ കഴിയൂ.

അതിനാൽ പണസംബന്ധമായ കാര്യത്തിൽ വിശ്വസ്തരായിരിക്കുക എന്നു പറഞ്ഞാൽ നമുക്കുവേണ്ടിത്തന്നെ, അതായതു നമ്മുടെ ഭക്ഷണം, വസ്ത്രം, ഗൃഹാലങ്കാരം മുതലായവയ്ക്കെല്ലാം പരമാവധി കുറച്ചു ചെലവു ചെയ്യുമാറ് അത്രയധികം നാം കർത്താവിനെ സ്നേഹിക്കുന്നുവെന്നാണ് അതിന്റെയർത്ഥം.

"നമ്മുടെ എല്ലാ സമ്പത്തും കൈവിട്ടുകളയുക" (ലൂക്കോ. 14:33) എന്നതിന്റെ അർത്ഥം ഇതാണ്. നമുക്കു ഭൗതികമായി പല വസ്തുക്കൾ ഉണ്ടെങ്കിലും അവയൊന്നും ഇനിമേൽ നമ്മുടേതെന്ന നിലയിൽ നാം കൈവശം വയ്ക്കുന്നില്ല. എല്ലാ ഭൗതികവസ്തുക്കളിൽനിന്നും നാം നമ്മെത്തന്നെ വേർപെടുത്തിയിരിക്കുന്നു. അങ്ങനെ ജീവിതത്തിൽ

മാമ്മോനെ ആരാധിക്കുന്നതിൽനിന്നു നാം സ്വതന്ത്രരായിരിക്കുന്നു.

എല്ലാ ഭൗതികസമ്പത്തിനെയും ഉപേക്ഷിച്ച ഒരു ഹൃദയമാണ് ശുദ്ധമായ ഒരു ഹൃദയം. ശുദ്ധഹൃദയമെന്നത് നിർമ്മലമനസ്സാക്ഷിയിൽനിന്ന് വ്യത്യസ്തമാണ്. ശുദ്ധമായൊരു ഹൃദയത്തിൽ ദൈവത്തിനല്ലാതെ മാമ്മോനോ മറ്റെന്തിനെങ്കിലുമോ സ്ഥാനം ഉണ്ടായിരിക്കുകയില്ല.

പണത്തിൽക്കൂടിയും ഭൗമികവസ്തുക്കളിൽക്കൂടിയുമാണ് ഒരുവന് ആത്മീയാധികാരം നൽകുവാൻ സാധ്യമോ അല്ലയോ എന്ന് ദൈവം ഒരു മനുഷ്യനെ പരീക്ഷിക്കുന്നത്.

യേശു പറഞ്ഞു: "നിങ്ങൾ അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായതു നിങ്ങളെ ആർ ഭാരമേൽപിക്കും?" (ലൂക്കോ. 16:11).

ആദ്യമായി മാമ്മോന്റെ കാര്യത്തിൽ പരീക്ഷിച്ചുനോക്കാതെ ദൈവത്തിന് ഒരുവനെയും തന്റെ സേവനത്തിനായി ഉപയോഗിക്കുവാൻ സാധ്യമല്ല. പല സഭകളും ഇന്ന് പ്രവാചകശുശ്രൂഷയിൽ (പ്രവചനത്തിൽ) കുറവുള്ളവരായിരിക്കുന്നത് അവയിലെ നേതാക്കന്മാർ മാമ്മോന്യപരീക്ഷയിൽ പരാജയപ്പെട്ടതുമൂലമാണ്.

ഭൂരിപക്ഷം പ്രസംഗകർക്കും വിശ്വാസികൾക്കും വർഷങ്ങൾ കഴിഞ്ഞിട്ടും ദൈവത്തിൽ നിന്നും പുതിയൊരു വെളിപ്പാടു ലഭിക്കാതിരിക്കുന്നത് തങ്ങളുടെ പണം ഉപയോഗിക്കുന്ന കാര്യത്തിൽ അവർ വിശ്വസ്തരല്ലാത്തതുമൂലമാണ്. തങ്ങൾക്കുവേണ്ടിത്തന്നെ പണം ഉപയോഗിക്കുന്നതിൽ ഭക്ഷണം, വസ്ത്രം, വീട്, യാത്രകൾ, കാഴ്ചകാണൽ തുടങ്ങിയ എല്ലാറ്റിലും അവർ ധാരാളികളാണ്.

മാമ്മോന്റെ ഉപയോഗത്തിലുള്ള വിശ്വസ്തതയെന്നതിൽ ദുർവ്യയവും ധൂർത്തും ഒഴിവാക്കുന്നതും ഉൾപ്പെടുന്നു. 5000 പേർക്കു ഭക്ഷണം കൊടുത്തശേഷം യേശു പന്തിരുവരോട്, "ശേഷിച്ച കഷണം ഒന്നും നഷ്ടപ്പെടാതെ ശേഖരിക്കുവിൻ" എന്നു കല്പിച്ചു (യോഹ. 6:12). എല്ലാത്തരം ദുർവ്യയത്തെയും യേശു വെറുക്കുന്നു. ഇത് അപ്പത്തെയും മീനിനെയും മാത്രമല്ല, സമയത്തെയും പണത്തെയും കൂടി ബാധിക്കുന്ന കാര്യമാണ്.

ദൈവഭക്തിയെന്നത് ചെലവഴിക്കുന്നതിലുള്ള മിതത്വം മാത്രമല്ല, ദൈവം നമുക്കു നൽകിയിട്ടുള്ളതൊന്നും നഷ്ടമാക്കാതെ സൂക്ഷിക്കുകയും കൂടെയാണ്.

പണത്തിന്റെ ഉപയോഗത്തിൽ നാം വിശ്വസ്തരല്ലെങ്കിൽ ദൈവത്തെയും ദൈവവചനത്തെയുംപറ്റി നമുക്കു ലഭിക്കുന്ന വെളിച്ചം ദൈവത്തിൽനിന്നു നേരിട്ടല്ലാതെ വിശ്വസ്തരായ മറ്റു മനുഷ്യരുടെ പ്രസംഗത്തിൽനിന്നു പകർന്നുകിട്ടുന്നതുമാത്രമായിരിക്കും (Second hand). ദൈവവവചനത്തെപ്പറ്റി അപ്രകാരം ലഭിക്കുന്ന അറിവ് വെളിപ്പാടായിരിക്കുകയില്ല. അത് തിരുവെഴുത്തിലെ വിവരങ്ങളെപ്പറ്റിയുള്ള ശുഷ്കമായ അറിവുമാത്രമാണ്. അതു സൂക്ഷ്മമായ അറിവായിരുന്നെന്നുവരാം. എന്നാൽ തന്നെയും പരിശുദ്ധാത്മാവിന്റെ അഭിഷേകം അതിലുണ്ടായിരിക്കുകയില്ല. ഇന്ന് എല്ലാ വിഭാഗങ്ങളിലുംപെട്ട ബഹുഭൂരിപക്ഷം വിശ്വാസികളും ഈ അവസ്ഥയിലാണ് കഴിയുന്നത്. (തുടരും)

❖

ഇത്തിരിവെട്ടം

# ദൈവം അയച്ചിട്ട് വന്ന മനുഷ്യൻ

ലിയാനർഡോ റാവൻഹിൽ

"ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു. അവനു യോഹന്നാൻ എന്നു പേർ" (യോഹന്നാൻ 1:7) പുരോഹിതനായ സെഖര്യാവിന്റെ കാലത്ത് മഹാപുരോഹിതന്മാരെ അവരുടെ സകല വേഷപ്രതാപത്തോടുംകൂടെ കണ്ട ജനങ്ങൾക്ക് ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പുധരിച്ചവനും സംസ്കാരമില്ലാത്തവനുമായ ഈ മനുഷ്യനെ ദൈവത്തിന്റെ പ്രവാചകൻ എന്ന് എങ്ങനെ സമ്മതിക്കാൻ കഴിയും. എന്നാൽ, യേശുക്രിസ്തു അവനെക്കുറിച്ച് പറഞ്ഞതെന്ത്? "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ.11:11).

എന്നാൽ, ഈ മനുഷ്യന്റെ മാഹാത്മ്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കാൻ പ്രയാസമില്ല. അവൻ ഏകനായി നിന്ന ഒരു മനുഷ്യനായിരുന്നു. ദൈവത്തിന്റെ മഹത്ത്വം എന്ന ഏകലാക്കു മാത്രമേ അവനുണ്ടായിരുന്നുള്ളു. ദൈവഹിതം നിവർത്തിക്കണമെന്നത് അവന്റെ ഏകലക്ഷ്യമായിരുന്നു. ലോകരക്ഷിതാവായ ദൈവം അഭിഷേകം ചെയ്ത യേശുക്രിസ്തുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തിക്കൊടുക്കുക എന്നതായിരുന്നു അവന്റെ സന്ദേശത്തിന്റെ ഉദ്ദേശ്യം. വിശുദ്ധ പൗലോസും ഏകലക്ഷ്യമുള്ളവനായിരുന്നു. "ഒന്നു ഞാൻ ചെയ്യുന്നു" (ഫിലി. 1:13). ഒരു കാലത്ത് ദൈവം തന്റെ പ്രവാചക ശുശ്രൂഷയ്ക്കായി വിളിച്ചാക്കിയിട്ടുള്ള അനേകരും തങ്ങളുടെ വേലയെ ആദായമാർഗ്ഗമായി രൂപാന്തരപ്പെടുത്തി ഇന്നു പലതിനും അടിമകളായി മാറിയിരിക്കുന്നു! യോഹന്നാൻ സ്നാപകനു പല കാര്യങ്ങൾ തിരഞ്ഞെടുക്കാമായിരുന്നു. രാഷ്ട്രീയവും സാമൂഹികവുമായ എതിർപ്പുകളെ അവനു ഒഴിഞ്ഞുമാറാമായിരുന്നു. എന്നാൽ, മരുഭൂമിയിലെ കഠിന വെയിലിൽ തൊലി ഇരുണ്ടുപോയ സന്ന്യാസിസാമൂഹികസംഘടനകളുടെ ക്ഷണം സ്വീകരിച്ചില്ല. രാഷ്ട്രീയപ്പാർട്ടികൾ അവനെ ദത്തെടുക്കാൻ അവൻ അനുവദിച്ചില്ല. യെഹൂദമത നേതാക്കന്മാരുമായി ഒത്തിണങ്ങിച്ചേർന്നുള്ള ഒരു ഉടമ്പടിക്കും അവൻ ഒപ്പുവെച്ചില്ല. അബ്രാഹാം യിസ്ഹാക്കിനെ യാഗം കഴിച്ച സ്ഥലത്തുനിന്നുകൊണ്ട് യെഹൂദന്മാർക്കു സ്വീകാര്യമായ ഒരു പ്രസംഗം ചെയ്ത് പൊതുസമ്മതം അവനു

**രാഷ്ട്രത്തിലും സമൂഹത്തിലുമുള്ള സകല ദോഷത്തിനും കാരണം പാപമാകയാൽ യോഹന്നാൻ സ്നാപകൻ പാപത്തോടു പോരാടി. അവൻ സത്യം സംസാരിച്ചു. നീതിക്കു വേണ്ടി നിലകൊണ്ടു. പാപത്തോടു അവൻ എതിരിട്ടു. കേവലം ഉപരിപ്ലവമായ ഒരു മാനസാന്തരവും സ്നാനവുമുള്ള ഒരാളിനു പുതിയ യെരുശലേമിൽ ഒരു കൊട്ടാരവും തേജസ്സിന്റെ കിരീടവും കുഞ്ഞാടിന്റെ വിരുന്നുശാലയിലേക്ക് സൗജന്യമായ ഒരു ടിക്കറ്റും അഞ്ചു പട്ടണങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും അവൻ വാഗ്ദാനം ചെയ്തില്ല.**

നേടാമായിരുന്നു. ഏലിയാവിന്റെ യാഗപീഠത്തിന്മേൽ തീയിറങ്ങിയ സ്ഥലം സന്ദർശിക്കുന്നതിനു സംഘങ്ങളെ അവനു രൂപീകരിക്കാമായിരുന്നു. പത്തുകല്പനകൾ എഴുതുന്നതിനുവേണ്ടി മോശെ ഉപയോഗിച്ച് കല്പലക വെട്ടിയെടുത്ത പാറയുടെ കഷണങ്ങൾ ശേഖരിച്ച് ഈ സന്ദർശകർക്കു നൽകാമായിരുന്നു. മോശെ ചെങ്കടലിൽക്കൂടെ ജനത്തെ നടത്തിയ സ്ഥലം ജനത്തെ കാണിച്ച് അവരെ പ്രീതിപ്പെടുത്താമായിരുന്നു. സകല മനുഷ്യരുടെയും ശ്രദ്ധ തന്നിലേക്ക് ആകർഷിക്കുന്നതിന് അന്ന് അവരെ ഭരിച്ചിരുന്ന റോമാമേധാവിത്വത്തിനു വിരോധമായോ ദൈവാലയത്തിലെ പൊതുജനങ്ങളെ ചൂഷണംചെയ്യുന്ന നാണയവ്യാപാരികൾക്കു വിരോധമായോ ഉള്ള ഒരു പ്രസംഗം ചെയ്താൽ മതിയായിരുന്നു. കുരുടന്മാർ, കുഷ്ഠരോഗികൾ ആദിയായി വഴിയരികിൽ ഭിക്ഷതേടുന്നവരുടെ സാമ്പത്തികഭദ്രതയ്ക്കു മാർഗം ഉണ്ടാക്കുന്നതിൽ നേതൃത്വം നൽകി പ്രശസ്തി സമ്പാദിക്കാമായിരുന്നു. ഈ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകിയിരുന്നെങ്കിൽ കുറേക്കാലം കൂടെ അവന്റെ തല ഉടലിൽനിന്നു വേർപെടാതിരിക്കുമായിരുന്നു. എന്നാൽ അവൻ അതൊന്നും ചെയ്തില്ല. അവൻ നീതി പ്രസംഗിച്ചത് സമൂഹത്തിൽ ഉന്നതതലങ്ങളിലുള്ളവർക്കു ദ്രോഹമായിത്തീർന്നു.

അവൻ ഒരു പുതിയ രാജാവിനെക്കുറിച്ചു പ്രസംഗിച്ചു. കൈസർ അല്ലാതെ രാജാവാര്? റോമാപടയാളികളുടെയും പൊതുജനങ്ങളുടെയും മുൻപിൽ നിന്നുകൊണ്ട് ഈ പുതിയ രാജാവ് ഇന്നത്തെ വ്യവസ്ഥിതിക്കു വ്യതിയാനം വരുത്തുമെന്നു പ്രസംഗിച്ചു. ''സകല താഴ്വരയും നികന്നുവരും" എന്നു ഈ പുതിയ സന്ന്യാസി വിളിച്ചുപറഞ്ഞു. "സകല കുന്നുകളും സമനിലമാകും" എന്നും അവൻ പറഞ്ഞു. അന്നത്തെ ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കി, സിംഹാസനങ്ങളെയും ആധിപത്യം നടത്തുന്നവരെയും തകർത്ത് ഇന്ന് യാതന അനുഭവിക്കുന്നവർ ഉയർത്തപ്പെടും എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സാരം. എന്നാൽ, അവൻ വിളിച്ചുപറഞ്ഞതെന്ത്? "അന്നാളിൽ നിങ്ങൾ ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനെ മുന്തിരിവള്ളിയുടെ കീഴിലേക്കും അത്തിവൃക്ഷത്തിൻ കീഴിലേക്കും ക്ഷണിക്കും എന്നു സൈന്യങ്ങളുടെ യഹോവ

**ഇക്കാലത്തെ പ്രസംഗങ്ങൾ കേട്ടാൽ യോഹന്നാൻ സ്നാപകൻ അമ്പരന്നുപോകും. ആഴമായ ശസ്ത്രക്രിയയ്ക്കു പകരം പുറംമോടികൊണ്ട് സൗഖ്യമാക്കുന്ന സുവിശേഷ ഘോഷണം ആപൽക്കരമാണ്. ഹൃദയത്തിൽ സമാധാനം ഉളവാക്കാനാണ് ഇന്നത്തെ പ്രസംഗകരുടെ ശ്രമം. എന്നാൽ, അസ്വസ്ഥത ഉളവാക്കുന്നതായിരുന്നു യോഹന്നാന്റെ പ്രസംഗം.**

യുടെ അരുളപ്പാട്" (മത്താ. 3:10). ഒരു വലിയ സൈനികശക്തി കൂടാതെ അക്കാലത്തെ റോമാഗവൺമെന്റിന്റെ ഇരുമ്പുനുകത്തെ തകർത്തുകളയാനോ കേവലം ലോകസ്നേഹികളായ പുരോഹിതവർഗ്ഗത്തെ ജയിക്കാനോ സാധ്യമായിരുന്നില്ല. രാഷ്ട്രത്തിലും സമൂഹത്തിലുമുള്ള സകല ദോഷത്തിനും കാരണം പാപമാകയാൽ യോഹന്നാൻ സ്നാപകൻ പാപത്തോടു പോരാടി. അവൻ സത്യം സംസാരിച്ചു. നീതിക്കു വേണ്ടി നിലകൊണ്ടു. പാപത്തോടു അവൻ എതിരിട്ടു. കേവലം ഉപരിപ്ലവമായ ഒരു മാനസാന്തരവും സ്നാനവുമുള്ള ഒരാളിനു പുതിയ യെരുശലേമിൽ ഒരു കൊട്ടാരവും തേജസ്സിന്റെ കിരീടവും കുഞ്ഞാടിന്റെ വിരുന്നുശാലയിലേക്ക് സൗജന്യമായ ഒരു ടിക്കറ്റും അഞ്ചു പട്ടണങ്ങളെ ഭരിക്കുന്നതിനുള്ള അധികാരവും അവൻ വാഗ്ദാനം ചെയ്തില്ല.

ഇന്ന് ആത്മികവരങ്ങളെക്കുറിച്ചു നാം ധാരാളം കേൾക്കുന്നുണ്ട്. യഥാർത്ഥ ആത്മികവരങ്ങൾ നല്ലതു തന്നെ. എന്നാൽ, ആത്മാവിന്റെ ഫലങ്ങളെക്കുറിച്ച് അത്രയും നാം കേൾക്കുന്നില്ല. മാനസാന്തരത്തിനു യോഗ്യമായ ഫലംകായ്പിൻ എന്ന് ഇക്കൂട്ടർ പ്രസംഗിക്കുന്നുമില്ല (മത്താ. 3:8). വിശുദ്ധനും നീതിമാനുമായ ദൈവത്തോടു അധർമം ചെയ്ത മനുഷ്യനു സൗജന്യ വിമോചനം പ്രഖ്യാപിക്കുന്ന സുവിശേഷകൻ വിലയുള്ളതിനെ നിസ്സാരവിലയ്ക്കു വില്ക്കുന്നവനാകരുത്. ഇതുകൊണ്ട് പ്രവൃത്തികളാലുള്ള രക്ഷയല്ല ഞാൻ ഉദ്ദേശിക്കുന്നത്. മാനസാന്തരത്തിനു യോഗ്യമായ പ്രവൃത്തികൾ എന്നു പറയുമ്പോൾ പ്രവൃത്തികൾക്കു മാത്രം ശാക്തീകരണം നൽകുകയാണെങ്കിൽ യേശുക്രിസ്തുവും യോഹന്നാനും പെന്തക്കോസ്തുനാളിൽ പത്രൊസും മാനസാന്തരപ്പെടണമെന്നു പ്രസംഗിച്ചത് അസ്ഥാനത്താണെന്നുവരും. പ്രസംഗങ്ങൾ പലവിധത്തിലുണ്ട്; ചിലതു വികാരങ്ങളെ സ്പർശിക്കും; മറ്റു ചിലത് ആത്മികാഭിവൃദ്ധി വരുത്തും. എന്നാൽ, യേശുക്രിസ്തുവും യോഹന്നാനും പത്രൊസും ചെയ്ത പ്രസംഗങ്ങൾ മനുഷ്യന്റെ ഇച്ഛാശക്തിയെ സ്പർശിക്കുന്നതും പാപബോധം വരുത്തുന്നതും തീരുമാനത്തിലേക്കു നടത്തുന്നതും ആയിരുന്നു. അവർ ആത്മാവിനാൽ നിറഞ്ഞവരായിരുന്നു. (ലൂക്കോ. 4:18; 1:15). ഇക്കാലത്തെ പ്രസംഗങ്ങൾ കേട്ടാൽ യോഹന്നാൻ സ്നാപകൻ അമ്പരന്നുപോകും. ആഴമായ ശസ്ത്രക്രിയയ്ക്കു പകരം പുറംമോടികൊണ്ട് സൗഖ്യമാക്കുന്ന സുവിശേഷഘോഷണം ആപൽക്കരമാണ്. ഹൃദയത്തിൽ സമാധാനം ഉളവാക്കാനാണ് ഇന്നത്തെ പ്രസംഗകരുടെ ശ്രമം.

എന്നാൽ, അസ്വസ്ഥത ഉളവാക്കുന്നതായിരുന്നു യോഹന്നാന്റെ പ്രസംഗം. തങ്ങളുടെ പ്രസംഗശേഷം മനുഷ്യർ തങ്ങളെ വളരെയധികം ശ്ലാഘിച്ചു തോളിൽ കയറ്റിക്കൊണ്ടു നടന്നു എന്നു ചില പ്രസംഗകർ അലങ്കാരഭാഷയിൽ തങ്ങൾക്കു ലഭിച്ച അനുമോദനങ്ങളെക്കുറിച്ചു പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ, അവരുടെ പ്രസംഗം ഫലിച്ചില്ല എന്നാണ് അതിന്റെ അർത്ഥം. യോഹന്നാൻ സ്നാപകന്റെ പ്രസംഗം കേട്ട് പുറജാതി പടയാളികൾക്കു ഹൃദയത്തിൽ കുത്തുകൊണ്ടു. യോഹന്നാൻ സ്നാപകൻ അവരെ ആഹ്വാനം ചെയ്കയല്ല. പടയാളികളാണു യോഹന്നാനെ സമീപിച്ചത് (ലൂക്കൊ. 3:14). സാധാരണ ജനങ്ങളും ചുങ്കക്കാരും “ഞങ്ങൾ എന്തു ചെയ്യണം” എന്നു ചോദിച്ചു (ലൂക്കൊ. 3:10-12). ഉണർവ് പ്രസംഗകർ ധാർമികമായും ആത്മികമായും ഉള്ള കോളിളക്കങ്ങൾ ഉണ്ടാക്കുന്നവരായിരിക്കണം. മുള്ളുകളിൽനിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴവും ആരും ശേഖരിക്കാറില്ല. വൻപിച്ച സുവിശേഷമഹായോഗങ്ങൾ ആത്മികോണർവ് ഉണ്ടാക്കണമെന്നില്ല. പ്രസവവേദനകൂടാതെ ശിശുക്കൾ ജനിക്കുന്നില്ല. വൈറ്റ് ഫീൽഡിന്റെ യോഗങ്ങളിൽ അദ്ദേഹം രഹസ്യത്തിൽ ഒഴുക്കിയ കണ്ണുനീരിന്റെ ഫലമാണു കണ്ടത്. യാത്രാസൗകര്യങ്ങളില്ലാത്ത അക്കാലങ്ങളിൽ ജനങ്ങൾ ധാരാളമായി കൂടിവന്നു. നഷ്ടപ്പെട്ടുപോകുന്നവർക്കുവേണ്ടി ദിനംതോറും നിലവിളിക്കുന്നവരായിരുന്നു ദൈവം ഉപയോഗിച്ചിട്ടുള്ളവർ. യിരെമ്യാവ് പറയുന്നതെന്ത്? “നിങ്ങൾ കേട്ടനുസരിക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളുടെ ഗർവം നിമിത്തം രഹസ്യത്തിൽ കരയും; യഹോവയുടെ ആട്ടിൻകൂട്ടത്തെ പിടിച്ചുകൊണ്ടു പോയിരിക്കയാൽ ഞാൻ ഏറ്റവും കരഞ്ഞു കണ്ണുനീരൊഴുക്കും” (യിരെ.13:17) പ്രസംഗികളുടെ പ്രഭു “യെരൂശലേമിനെ നോക്കി കരഞ്ഞു” (ലൂക്കൊ. 19:41) ചെലവു ചെയ്യാതെ ലഭിക്കുന്ന ആത്മികാനുഭവം അർഥശൂന്യമാണ്. യോനാഥൻ എഡ്വേർഡിന്റെ പ്രസംഗം കേൾക്കാൻ പോയതു നിമിത്തം ഡേവിഡ് ബ്രെയിനാർഡ് സർവകലാശാലയിൽനിന്നു പുറത്താക്കപ്പെട്ടു. അതോടെ തന്റെ ആയുസ്സ് കിരാതവർഗക്കാരുടെ ഇടയിലുള്ള സുവിശേഷീകരണത്തിനു വേണ്ടി ബ്രെയിനാർഡ് സമർപ്പിച്ചു. അദ്ദേഹം യൗവനത്തിൽ ക്ഷയരോഗത്താൽ മരിച്ചു. സുവിശേഷത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചു. വെസ്ലിയെ ക്രൈസ്തവസഭ പുറംതള്ളി. തന്റെ പ്രസംഗസ്ഥലം വെളിമ്പ്രദേശങ്ങളും പ്രസംഗപീഠം ഉയർന്ന പാറകളും ആയിരുന്നു. അദ്ദേഹം ആറു പ്രസംഗം മാത്രമേ പള്ളികളുടെ പ്രസംഗപീഠത്തിൽ നിന്ന് ചെയ്തിട്ടുള്ളൂ. സുവിശേഷകന്മാരെ ശ്ലാഘിച്ചു എന്നു വരാം. എന്നാൽ, ആത്മികോണർവിനു വേണ്ടി പ്രവർത്തിക്കുന്നവർക്കു പീഡയും ഏകാന്തതയുമാണ് അനുഭവം.

ദൈവം അയച്ച മനുഷ്യൻ പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തിനു വേണ്ടി എഴുന്നേൽക്കുന്നവനാണ്. അവൻ പ്രതികൂലങ്ങളെ ജയിക്കുന്നു. വിപത്തുകളെ തോല്പിക്കുന്നു. കേവലം പാരമ്പര്യതുരുത്തികളെ ദൈവരാജ്യത്തിന്റെ പുതിയ വീഞ്ഞുപകർന്നു പൊളിച്ചുകളയുന്നു. ശത്രു പ്രളയംപോലെ വരുന്നതുകണ്ടും പ്രവചനശബ്ദം ദേശത്തു കേൾക്കാത്തതുകൊണ്ടും നിരാശ

**ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയ വിശ്വാസികളിൽ ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തനമാണ് ആത്മികോണർവ്. ദൈവത്തിന്റെ സമ്പൂർണഹിതം നിവർത്തിക്കുന്നതിനു വിശ്വാസികളിലുള്ള ആത്മിക തിടുക്കമാണ് ആത്മികോണർവ്. സമയത്തെ കണക്കിലെടുക്കാതെ ദൈവം വിശുദ്ധന്മാരിൽ നടത്തുന്ന വൻക്രിയയും അതിന്റെ ഫലമായി പാപികൾ ദൈവത്തിങ്കലേക്കു തിരിയുന്നതുമാണ് ആത്മികോണർവ്.**

പ്പെടേണ്ട ആവശ്യമില്ല. വെസ്ലി അപ്രകാരമുള്ള ഒരു കാലത്താണു ജീവിച്ചത്. രാഷ്ട്രീയമായി അധഃപതിച്ച് സാന്മാർഗികനില തകർന്ന് ആത്മികമായി മരവിച്ച ഒരു അന്തരീക്ഷത്തിലാണു വെസ്ലി പരിശുദ്ധാത്മാവിന്റെ അഗ്നി വ്യാപരിക്കുന്ന ശുശ്രൂഷയുമായി എഴുന്നേറ്റത്. ഇന്നത്തെ സുവിശേഷീകരണത്തിനു വളരെയധികം പണം ചെലവാക്കുന്നുണ്ട്. എന്നാൽ, ആത്മികോണർവിനു പണമല്ല ചെലവാക്കേണ്ടത്. തുളുമ്പുന്ന കണ്ണുകളും തകർന്ന ഹൃദയവുമുള്ള ഉണർവുപ്രസംഗകർ കേൾവിക്കാരിൽ തകർന്ന ഹൃദയവും നിറഞ്ഞ കണ്ണുകളും ഉളവാക്കും. യഥാർത്ഥ ആത്മികോണർവ് സമൂഹത്തിൽ ധാർമ്മികവിപ്ലവങ്ങൾ ഉളവാക്കും. ദൈവത്തോട് ഏറ്റവും അടുക്കുകയും ദൈവശബ്ദം കേൾക്കുകയും ദൈവഹിതം നിറവേറ്റുകയും ചെയ്യുന്നതിനു വളരെ ത്യാഗം ചെയ്യേണ്ടതുണ്ട്. ഏകാന്തതയുടെയും കഷ്ടത്തിന്റെയും മരുഭൂമിയുടെയും അനുഭവത്തിലാണു കത്തിയെരിയുന്ന മുൾച്ചെടിയുടെ വെളിപ്പാടും ദൈവശബ്ദവും സ്വർഗ്ഗീയദർശനവും ലഭിച്ചത്. സുവിശേഷവേലക്കാർ ടീമായി സഞ്ചരിക്കുമ്പോൾ ദൈവജനത്തിന്റെ ഉണർവിനുവേണ്ടി ദൈവം വിളിച്ചവർ ഏകരായും മരുഭൂമികളിലും ദൈവഹിതം പൂർണമായി നിവർത്തിക്കുന്നതിനു വിളിക്കപ്പെട്ടവർക്കുള്ള തീച്ചൂളയിലുംകൂടെ ദൈവജനത്തെ ഉദ്ധരിക്കുന്നവരാണ്. ദൈവത്തിന് ഉപയോഗിക്കാനുള്ള മനുഷ്യനെ ദൈവം ഒരുക്കുന്നു. അവർ മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുന്നതിനു ശക്തി നിറഞ്ഞവരും ക്ലേശങ്ങൾ സഹിക്കുന്നവരുമാണ്. നാം ഇന്നു ധാർമികമായും ആത്മികമായും തകർന്നിരിക്കുന്നവരാണ്. നാം ആത്മികരെന്നു സ്വയം ചിന്തിച്ചിരിക്കുന്നതിന്റെ പകുതി യാഥാർത്ഥ്യമായിരുന്നെങ്കിൽ ഇന്നു നാം രട്ടിലും വെണ്ണീറിലും അനുതപിക്കുമായിരുന്നു. നാം ഇന്നു ഭക്തിമാർഗം അഭിനയിക്കുകയാണ്.

യിരെമ്യാവ് തന്റെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടി കരഞ്ഞു. അവൻ ചെളിക്കുഴിയിലും തടവിലും കിടന്നു. സമാധാനമില്ലാതിരിക്കെ അവൻ ‘സമാധാനം’ എന്നു പറഞ്ഞില്ല. ദൈവത്തിന്റെ ശബ്ദം കേട്ട്, ഇന്നത്തെ രോഗംപിടിച്ച ക്രൈസ്തവസഭയ്ക്കും നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനുമുള്ള ദൈവത്തിന്റെ സന്ദേശം ദൈവാത്മനിറവിൽ നൽകാൻ കഴിവുള്ള വിശുദ്ധന്മാരെയാണ് ഇക്കാലത്ത് ആവശ്യം. നമ്മുടെ പ്രവർത്തനങ്ങളെല്ലാം ജഡത്തിലാണ്. ഭൗതികവളർച്ചയെ സഭാപുരോഗമനമെന്നെണ്ണി. സംഖ്യാബഹുത്വവും വൻപിച്ച സ്ഥാപനങ്ങളും

നമ്മുടെ വളർച്ചയായി നാം കരുതി. മല്ലന്മാരായ പ്രസംഗകർക്കു പകരം ആത്മികരായ ഹ്രസ്വകായന്മാരായ ആളുകളാണ് ക്രൈസ്തവപ്രവർത്തനങ്ങളിലുള്ളത്. യോഹന്നാൻ സ്നാപകനെപ്പോലെ കത്തിജ്വലിക്കുന്നവരും ജോൺ നോക്സിനെപ്പോലെ, 'സ്കോട്ട്ലൻഡിനെ എനിക്കു തരിക അല്ലെങ്കിൽ മരിക്കുന്നതു നല്ലത്' എന്നു നിലവിളിക്കുന്നവരുമായ വീരന്മാരാണ് എഴുന്നേൽക്കേണ്ടത്. "കർത്താവേ, നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ. പെന്തക്കോസ്തിന്റെ മാരി അയയ്ക്കണമേ നിനക്കു മഹത്ത്വവും ഞങ്ങൾക്ക് അനുഗ്രഹവും ആക്കേണമേ" എന്നു പ്രാർത്ഥിക്കുന്നവർ. ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയ വിശ്വാസികളിൽ ദൈവത്തിന്റെ ആത്മാവിന്റെ പ്രവർത്തനമാണ് ആത്മികോണർവ്. ദൈവത്തിന്റെ സമ്പൂർണഹിതം നിവർത്തിക്കുന്നതിനു വിശ്വാസികളിലുള്ള ആത്മിക തിടുക്കമാണ് ആത്മികോണർവ്. സമയത്തെ കണക്കിലെടുക്കാതെ ദൈവം വിശുദ്ധന്മാരിൽ നടത്തുന്ന വൻക്രിയയും അതിന്റെ ഫലമായി പാപികൾ ദൈവത്തിങ്കലേക്കു തിരിയുന്നതുമാണ് ആത്മികോണർവ്. യേശുക്രിസ്തു വിശ്വാസിക്കും ക്രൈസ്തവസഭയ്ക്കും സകലത്തിനും സകലവും ആയിത്തീരേണ്ടതിനു സകലത്തെയും ഉപേക്ഷിക്കുന്നതിനുള്ള സന്നദ്ധതയാണ് ആത്മികോണർവ്. ദൈവത്തിന്റെ കല്പനയെ ലംഘിക്കുകയും അധഃപതിച്ച അവസ്ഥയിൽ എത്തുകയും ചെയ്ത ജനസമൂഹത്തിനുവേണ്ടി തകർന്ന ഹൃദയത്തോടുകൂടെ വിശ്വാസികൾ നിലവിളിക്കുന്നതാണ് ആത്മികോണർവ്. ഇത് ഒരു സാധാരണ അനുഭവമല്ല. ക്രൈസ്തവജീവിതത്തിന്റെ

**മല്ലന്മാരായ പ്രസംഗകർക്കു പകരം ആത്മികരായ ഹ്രസ്വകായന്മാരായ ആളുകളാണ് ക്രൈസ്തവപ്രവർത്തനങ്ങളിലുള്ളത്. യോഹന്നാൻ സ്നാപകനെപ്പോലെ കത്തിജ്വലിക്കുന്നവരും ജോൺ നോക്സിനെപ്പോലെ, 'സ്കോട്ട്ലൻഡിനെ എനിക്കു തരിക അല്ലെങ്കിൽ മരിക്കുന്നതു നല്ലത്' എന്നു നിലവിളിക്കുന്നവരുമായ വീരന്മാരാണ് എഴുന്നേൽക്കേണ്ടത്.**

സാധാരണ സവിശേഷാനുഭവമാണ്. സുവിശേഷകൻ ദൈവസന്നിധിയിൽ കാത്തിരുന്നു നിലവിളിച്ച് രക്തം വിയർപ്പാകുന്നതിന്റെ ഫലമാണ് ഉണർവ്. "ഞാൻ അവരുടെ പ്രവൃത്തികളെയും വിചാരങ്ങളെയും അറിയുന്നു; ഞാൻ സകല ജാതികളെയും ഭാഷക്കാരെയും ഒന്നിച്ചു കൂട്ടുന്ന കാലം വരുന്നു. അവർ വന്ന് എന്റെ മഹത്ത്വം കാണും" (യെശ. 66:18). "നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിരെ. 29:13).

ദൈവം അയച്ച മനുഷ്യൻ. അവൻ മോശെയുടെ അധികാരവും പ്രതാപവും ഉള്ളവനായിരുന്നില്ല. യെശയ്യാവിന്റെ വേദശാസ്ത്രവും അവനില്ലായിരുന്നു. സങ്കീർത്തനക്കാരന്റെ താലന്തുകളും അവനുണ്ടായിരുന്നില്ല. എന്നാൽ, നാലു നൂറ്റാണ്ടുകളിലെ അന്ധകാരത്തിലേക്ക് അവനിൽക്കൂടെയുള്ള വെളിച്ചം മധ്യാഹ്നസൂര്യനെപ്പോലെ പ്രകാശിച്ചു.

(സമാഹൃതം)

(അവസാനിച്ചു) ❖

തിരുവെഴുത്തുകളെ പരിശോധിക്കുക



*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# കനാൻ നൽകുന്ന സ്വസ്ഥത

**യി**സ്രയേൽകാർക്ക് എന്തുകൊണ്ട് കനാനിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല? കാരണം, കേൾക്കുകയും വിശ്വസിക്കുകയും ചെയ്ത യോശുവയോടും കാലേബിനോടും ചേർന്ന് വിശ്വാസത്തിൽ നില്ക്കുവാൻ അവർക്കു കഴിഞ്ഞില്ല. വിശ്വാസത്താലാണ് ദൈവം വാഗ്ദാനം ചെയ്ത സ്വസ്ഥതയിൽ പ്രവേശിക്കുവാൻ നമുക്കു കഴിയുന്നത്. അഭംഗുരമായ തന്റെ സ്വസ്ഥതയിൽ നാമും പ്രവേശിക്കണമെന്നതാണ് ദൈവത്തിന്റെ ഇഷ്ടം.

ഇവിടെ പഴയനിയമ ദൃഷ്ടാന്തമായ ശബ്ബത്തിനെയാണ് സ്വസ്ഥതയുടെ പ്രതീകമായി എബ്രായ ലേഖ




*ന്യായപ്രമാണത്തിൻ കീഴിൽ ദൈവവചനം ആളുകളുടെ ബാഹ്യപ്രവൃത്തികളെ മാത്രമേ പരിശോധിച്ചിരുന്നുള്ളു-ഒരു ഡോക്ടർ പരിശോധിക്കുമ്പോലെ. എന്നാൽ പുതിയ ഉടമ്പടി ഒരു സ്കാനിങ് പോലെയോ എക്സറേ പോലെയോ ആണ്.*

നകർത്താവ് കാണിച്ചിരിക്കുന്നത് (4:4). ആറാം നാളിന്റെ അവസാന നിമിഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട ആദമും ഹവ്വയും ആദ്യം പ്രവേശിച്ചത് ഈ സ്വസ്ഥതയിലേക്കാണ്. അവർ തന്നിൽ സ്വസ്ഥരായിരുന്നു കൊണ്ട് എല്ലാ പ്രവൃത്തികളും ചെയ്യേണ്ടതുണ്ട് എന്ന് അവരെ പഠിപ്പിക്കേണ്ടതിന്നാണ് ദൈവം ഏഴാം നാളിൽ വിശ്രമിച്ചത്. നിങ്ങൾ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കുകയില്ലെന്ന് അനുസരണം കെട്ട യിസ്രായേൽ മക്കളോടു ദൈവം പറഞ്ഞു. എന്നാൽ നമ്മോട്, നമുക്കു കടക്കാൻ കഴിയുമെന്നു ദൈവം പറയുന്നു. “ഇന്നു തന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്” (4:7). അതിനുള്ള സമയം ഇന്നാണ്. സുവിശേഷ സന്ദേശങ്ങളിൽ എപ്പോഴും ആ സമയം നാളെയല്ല ഇന്നലെയുമല്ല മറിച്ച് ഇന്നാണ്. ഇത്രകാലവും നിങ്ങൾ അനുഭവിച്ചതിൽ നിന്നും വളരെ ഉയരെ ഉന്നതമായ ഒരു വിളിയാണു ദൈവം നിങ്ങൾക്കു നൽകിയിട്ടുള്ളത്. അതുകൊണ്ട് നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്- “കർത്താവേ, എനിക്ക് അങ്ങയുടെ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ ആഗ്രഹമുണ്ട്” എന്നു കർത്താവിനോടു പറയുക.

ദൈവം നമുക്കു നൽകുവാനാഗ്രഹിക്കുന്ന ജയാനുഭവത്തിന്റെ ഒരു ദൃഷ്ടാന്തം മാത്രമാണ് കനാൻ. അപ്രകാരമുള്ള ഒരു ശബത്തനുഭവം ഇന്നും നമ്മെ കാത്തിരിക്കുന്നുണ്ട്. ദൈവം നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന തന്നിൽ നിത്യസ്വസ്ഥതയുടെ അനുഭവമുള്ള സ്ഥിരമായ ഒരു ശബത്ത്. നമ്മുടെ സ്വന്തം അദ്ധ്വാനം കൊണ്ട് ഈ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ നമുക്കു കഴിയില്ലെന്നു നാം കണ്ടെത്തുമ്പോൾ മാത്രമേ നമുക്ക് അതിലേക്കു പ്രവേശിക്കുവാൻ കഴിയൂ. ഈ പ്രവൃത്തി നമ്മിൽ ചെയ്യുവാൻ നാം ദൈവത്തെ അനുവദിക്കേണ്ടതുണ്ട്. ദൈവം തന്റെ പ്രവൃത്തികളിൽ നിന്നു നിവൃത്തനായതുപോലെ നാമും നമ്മുടെ പ്രവൃത്തികളിൽ നിന്നു നിവൃത്തരായി വിശ്രമിക്കേണ്ടതുണ്ട് (4:10). ദൈവം ആറുദിവസം പ്രവൃത്തി ചെയ്തു. ഏഴാം ദിവസം വിശ്രമിച്ചു. നാം നമ്മുടെ പോരാട്ടങ്ങളിൽ നിന്നും വിശ്രമത്തിന്റെ അനുഭവത്തിലേക്കു കടക്കുന്നതിനെ ചിത്രീകരിക്കുവാൻ ഈ ഒരു ദൃഷ്ടാന്തത്തെ ലേഖനകർത്താവ് ഉപയോഗിച്ചിരിക്കുന്നു. നിങ്ങൾക്കു സ്വന്തം അദ്ധ്വാനത്താൽ പാപത്തെ ജയിക്കുവാൻ കഴിയുമെന്നു സങ്കല്പിക്കുന്നേടത്തോളം നിങ്ങൾ പരാജിതനായിത്തീരും. ശിഷ്യന്മാർ മീൻ പിടിക്കുവാനായി നടത്തിയ അദ്ധ്വാനത്തിന്റെ ദൃഷ്ടാന്തം ശ്രദ്ധിക്കുക (യോഹ.21). രാത്രി വെളുക്കുവോളം അവർ തടാകം മുഴുവൻ അരിച്ചുപെറുക്കി. ഒന്നും കിട്ടിയില്ല. എന്നാൽ അവർ അദ്ധ്വാനം നിർത്തി കർത്താവിന്റെ വചനത്തിൽ ആശ്രയിച്ചപ്പോൾ അവരുടെ പടകുകൾ മീൻ കൊണ്ടു നിറഞ്ഞു. കർത്താവു നമ്മെ പഠിപ്പിക്കുവാനാഗ്രഹിക്കുന്ന പാഠം ഇതു തന്നെയാണ്. നിങ്ങൾ കർത്താവിന്റെ അടുത്തു ചെന്ന് ഇപ്രകാരം പ്രാർത്ഥിക്കുക: “കർത്താവേ, ഒരായുസ്സിന്റെ മുഴുവൻ അദ്ധ്വാനം കൊണ്ടും ഈ വിജയം നേടാൻ എനിക്കു കഴിയില്ല. അവിടുന്നു തന്നെ കൃപയാൽ എനിക്കതു നൽകിയേ മതിയാകൂ.” അപ്പോൾ നാം അതിലേക്കു പ്രവേശിക്കും. ന്യായപ്രമാണകാലത്തെ ജീവിതത്തിന്റെ ഒരു ദൃഷ്ടാന്തമാണ് നമ്മുടെ

**ദൈവവചനം ഹൃദയത്തിന്റെ ഉള്ളിലേക്കു തുളച്ചു കയറുന്നു. ഇക്കാലത്ത് ദൈവത്തിന് നമ്മുടെ ചിന്തകൾ, മനോഭാവങ്ങൾ, ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ ഇവയെക്കുറിച്ച് വലിയ പരിഗണനയുണ്ട്. ചിലപ്പോൾ പുറമെ കാര്യങ്ങൾ വളരെ നല്ലതെന്നു തോന്നുമ്പോഴും ഉള്ളിൽ ഗുരുതരമായ തിന്മകൾ ഒളിഞ്ഞിരിപ്പുണ്ടാകാം. പുറമെ നല്ല ആരോഗ്യവാന്മാരായി കാണപ്പെടുന്ന പലരും ഉള്ളിൽ അർബുദം പോലെ ഗുരുതരമായ രോഗങ്ങൾ കൊണ്ടു നടക്കുന്നവരായിരിക്കുന്നതു പോലെ.**

ഈ സ്വന്തം അദ്ധ്വാനം. അന്നു മനുഷ്യർ തങ്ങളുടെ പ്രവൃത്തികളാൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിച്ചിരുന്നു. എന്നാൽ ഈ കൃപയുടെ കാലത്തിൽ ദൈവം നമുക്കുവേണ്ടി ചിലതു ചെയ്യുകയാണ്. നിങ്ങൾ സ്വന്തം അദ്ധ്വാനത്തിൽ നിന്നും വിമുക്തരാകുമ്പോൾ നിങ്ങൾ സ്വസ്ഥതയിൽ പ്രവേശിക്കും. അതുതന്നെയാണ് ഇതിന്റെ രഹസ്യം.

4:11-ൽ നാം ഇപ്രകാരം വായിക്കുന്നു: "അനുസരണക്കേടു കാരണമായി മരുഭൂമിയിൽ ഒടുങ്ങിപ്പോയ യിസ്രായേൽക്കാരെപ്പോലെ വീണുപോകാതെ വിശ്വാസത്താൽ സ്വസ്ഥതയിൽ പ്രവേശിപ്പിക്കേണമേ.'' എന്നു നമുക്കു ദൈവത്തോടു നിലവിളിക്കാം. "ഈ ക്രിസ്തീയ ജീവിതകാലത്ത് ഒരിക്കലും എനിക്കത് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല എങ്കിലും ഞാനത് ആഗ്രഹിക്കുന്നു." എന്നു പറയാം. യേശു ആഹ്വാനം ചെയ്തു. ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു സ്വസ്ഥത നൽകാം. എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ എന്നാൽ നിങ്ങളുടെ പ്രാണനിൽ നിങ്ങൾ സമാധാനം കണ്ടെത്തും.'' (മത്താ.11:28,29)

ഒന്നാമതായി പാപക്ഷമയുടെ സമാധാനം നാം പ്രാപിക്കണം. തുടർന്നു പാപത്തിന്റെ ശക്തിയിന്മേലുള്ള ജയം എന്ന സ്വസ്ഥതയിലേക്കു നാം പ്രവേശിക്കണം.

**തുളച്ചുകയറുന്ന ദൈവവചനം**

4:12 -ൽ നാം വായിക്കുന്നു: "ദൈവത്തിന്റെ വചനം ജീവനുള്ളതും പ്രവർത്തനനിരതവുമായി മൂർച്ചയേറിയ ഇരുവായ്ത്തല വാൾ പോലെ തുളച്ചുകയറി ആത്മാവിന്റെയും പ്രാണന്റെയും സന്ധികളെയും മജ്ജകളെയും വരെ പിളർന്നു മാറ്റി ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുന്നത് ആകുന്നു." ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിലേക്ക് ഒരു വാൾപോലെ കടന്നുചെന്ന് നമ്മുടെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വെളിച്ചത്തേക്കു കൊണ്ടുവരുന്നു. പുതിയ ഉടമ്പടിയിൽ(അതിനാണ് എബ്രായലേഖനം ഊന്നൽ നൽകുന്നത്) ഹൃദയത്തിന്റെ ചിന്തകൾക്കും ഉദ്ദേശ്യങ്ങൾക്കുമാണ് പ്രാധാന്യം. എന്നാൽ പഴയ ഉടമ്പടിയിൽ ദുഷ്ടചിന്തകൾക്കും ഉദ്ദേശ്യങ്ങൾക്കുമൊന്നും അതിപ്രാധാന്യം കല്പിച്ചിരുന്നില്ല. കാരണം പരിശുദ്ധാത്മാവ് യിസ്രയേല്യരുടെ ഹൃദയങ്ങളിൽ വസിച്ചിരുന്നി

ല്ല. ന്യായപ്രമാണത്തിന് ഹൃദയത്തിലെ ദുഷ്ടചിന്തകളും ഉദ്ദേശ്യങ്ങളും വെളിപ്പെടുത്തുവാനോ ആരെയും ശിക്ഷിക്കുവാനോ കഴിയുമായിരുന്നില്ല. ന്യായപ്രമാണം ബാഹ്യപ്രവൃത്തികളെ നോക്കി വില മതിച്ചിരുന്നു. എന്നാൽ പുതിയ ഉടമ്പടിയിൽ കാര്യങ്ങൾ അങ്ങനെയല്ല. ന്യായപ്രമാണത്തിൻ കീഴിൽ ദൈവവചനം ആളുകളുടെ ബാഹ്യപ്രവൃത്തികളെ മാത്രമേ പരിശോധിച്ചിരുന്നുള്ളു-ഒരു ഡോക്ടർ പരിശോധിക്കുമ്പോലെ. എന്നാൽ പുതിയ ഉടമ്പടി ഒരു സ്കാനിങ് പോലെയോ എക്സറേ പോലെയോ ആണ്. ദൈവവചനം ഹൃദയത്തിന്റെ ഉള്ളിലേക്കു തുളച്ചു കയറുന്നു. ഇക്കാലത്ത് ദൈവത്തിന് നമ്മുടെ ചിന്തകൾ, മനോഭാവങ്ങൾ, ഉദ്ദേശ്യങ്ങൾ, ലക്ഷ്യങ്ങൾ ഇവയെക്കുറിച്ച് വലിയ പരിഗണനയുണ്ട്. ചിലപ്പോൾ പുറമെ കാര്യങ്ങൾ വളരെ നല്ലതെന്നു തോന്നുമ്പോഴും ഉള്ളിൽ ഗുരുതരമായ തിന്മകൾ ഒളിഞ്ഞിരിപ്പുണ്ടാകാം. പുറമെ നല്ല ആരോഗ്യവാന്മാരായി കാണപ്പെടുന്ന പലരും ഉള്ളിൽ അർബുദം പോലെ ഗുരുതരമായ രോഗങ്ങൾ കൊണ്ടു നടക്കുന്നവരായിരിക്കുന്നതു പോലെ.

അതുകൊണ്ട് ഇന്നു ദൈവവചനം കേൾക്കുമ്പോൾ നിങ്ങളുടെ ബാഹ്യമായ പാപങ്ങളെക്കുറിച്ചു മാത്രമാണു നിങ്ങൾക്കു ബോദ്ധ്യം വരുന്നതെങ്കിൽ ദൈവം ആഗ്രഹിക്കുന്ന നിലയിൽ നിങ്ങൾ കേൾക്കുന്നില്ല എന്നു തന്നെയാണർത്ഥം. അതുകൊണ്ട് എല്ലായ്പ്പോഴും ഈ ചോദ്യം നിങ്ങളോടുതന്നെ ചോദിക്കുക: ''ദൈവത്തിന്റെ വചനം എന്റെ ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും എനിക്കു വെളുപ്പെടുത്തിയോ?'' ശ്രദ്ധിക്കുക. ഇവിടുത്തെ ഊന്നൽ ഹൃദയത്തിനാണ് തലച്ചോറിനല്ല. അഭിഷിക്തമായ ദൈവവചനം കേൾക്കുമ്പോഴൊക്കെയും അതു നിങ്ങളുടെ തലച്ചോറിലൂടെയാണ് ഹൃദയത്തിലേക്കു പോകുന്നത്. അവിടെ അത് അന്തരംഗത്തിലെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വെളിപ്പെടുത്തുന്നു.

1 കൊരി. 14:25-ൽ അഭിഷിക്തമായ ഒരു വചനശുശ്രൂഷയുടെ ഫലമെന്തെന്നു നാം വായിക്കുന്നു. ആളുകളുടെ ഹൃദയത്തിലെ രഹസ്യചിന്തകൾ വെളിപ്പെട്ടുവരികയും അവർ യോഗത്തിലെ ദൈവസാന്നിദ്ധ്യം അംഗീകരിച്ചു കൊണ്ടു വീണുനമസ്ക്കരിക്കുകയും ചെയ്യും. ദൈവഭക്തനായ ഒരാളുമായി നിങ്ങൾ സംഭാഷണം നടത്തുമ്പോഴും ഇക്കാര്യം സംഭവിക്കാനിടയുണ്ട്. അഭിഷേകം ചെയ്യപ്പെട്ട ഒരു വചനമോ പ്രവചനമോ സംഭാഷണമദ്ധ്യേ പറയുമ്പോൾ അങ്ങനെ സംഭവിക്കാം. ദൈവവചനം ഇരുതലമൂർച്ചയുള്ള ഒരു വാൾ പോലെ ആയിരിക്കുന്നതുകൊണ്ട് അഭിഷിക്തമായ ഒരു വചനം ഹൃദയത്തിന്റെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വെളിപ്പെടുത്തും. നിങ്ങൾ, ദൈവത്തെ ശുശ്രൂഷിക്കുവാനാഗ്രഹിക്കുന്നു എങ്കിൽ ഹൃദയത്തിലും നാവിലും ഈ മൂർച്ചയുള്ള വാൾ കരുതുക. വാക്കുകളെ മയപ്പെടുത്തി വാളിന്റെ മൂർച്ച കുറയ്ക്കരുത്. മനുഷ്യന്റെ അംഗീകാരത്തിനു വേണ്ടി വചനത്തെ മൃദുവാക്കുകയും മധുരഭാഷണം നടത്തുകയും ചെയ്യുന്ന നയപരമായ സമീപനം സ്വീകരിക്കുന്ന ഒട്ടേറെ പേരുണ്ട്. അത് ശ്രോതാക്കൾക്ക് ഒരു ഗുണവും ചെയ്കയില്ല. കാരണം അതു ചെല്ലേണ്ടിടത്തേക്ക് തുളച്ചുകയറുവാൻ അപര്യാപ്തമാണ്. മൂർച്ചയില്ലാത്ത ഒരു കത്തികൊണ്ട് മാംസം മുറിയു

## 500 വർഷം മുൻപ് മുഴങ്ങിയ നവീകരണത്തിന്റെ കാഹളം-III



# പാപമോചനച്ചീട്ടിനെതിരെ മാർട്ടിൻ ലൂഥർ

**പാ**പവിമോചനച്ചീട്ടിന്റെ വിൽപ്പനയ്ക്കായി യൂറോപ്പിലെ വിവിധ സ്ഥലങ്ങളിലേക്ക് സമർത്ഥരായ ഏജന്റുമാരെ സഭ നിയമിച്ചയച്ചു. ഡൊമിനിക്യൻ സന്യാസിയായ ജോൺ ടെറ്റ്സൺ ഇത്തരത്തിലുള്ള ഒരു ഏജന്റായിരുന്നു. തന്റെ വാഗ്‌വിലാസം കൊണ്ട് ജനങ്ങളെ വഞ്ചിച്ച് വിൽപ്പന വർദ്ധിപ്പിക്കുവാൻ അയാൾക്ക് സാധിച്ചു. ടെറ്റ്സലിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു:

“നിങ്ങളോട് കെഞ്ചുന്ന മൺമറഞ്ഞ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വാക്കുകൾക്ക് ചെവികൊടുപ്പിൻ. കരുണ കാണിക്കൂ, ഞങ്ങളോട് കരുണ കാണിക്കൂ! ഞങ്ങളിവിടെ കഠിനയാതനയിലാണ്. അതിൽനിന്ന് ഞങ്ങളെ രക്ഷിക്കുവാൻ നിങ്ങൾക്ക് തുച്ഛമായ ഒരു തുകയേ ആവശ്യമുള്ളൂ. പിതാവ് പുത്രനോടും മാതാവ് മകളോടും പറയുന്നത് കേൾക്കുക. ഞാൻ നിങ്ങളെ ചുമന്നു, പരിപാലി

കയില്ല. ദൈവവചനത്തിന്റെ മൂർച്ച കുറയ്ക്കുന്ന ഒരു പ്രസംഗകൻ തന്റെ പ്രസംഗത്തിന്റെ ഒടുവിൽ ഒരു കാര്യം കണ്ടെത്തും- തന്റെ കേൾവിക്കാർ ദൈവശബ്ദം കേട്ടില്ല എന്ന സത്യം.

ദൈവവചനം ഇരുതലമൂർച്ചയുള്ള വാളാണ്. പ്രസംഗകൻ ആദ്യം സ്വയം അതിനാൽ മുറിവേല്ക്കണം. സ്വന്തം ചിന്തകളെയും ഉദ്ദേശ്യങ്ങളെയും പുറത്തു കൊണ്ടുവരണം. പിന്നീടു മാത്രമേ മറ്റുള്ളവരുടെ ചിന്തകളും ഉദ്ദേശ്യങ്ങളും പുറത്തുകൊണ്ടുവരാൻ തക്കവണ്ണം അവരെ മുറിക്കുവാൻ തനിക്കു കഴിയൂ. സ്വന്തം ഹൃദയത്തെ മുറിക്കുവാൻ നിങ്ങൾ സ്വയം ദൈവവചനത്തെ അനുവദിക്കുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും ശുശ്രൂഷ ചെയ്യരുത്. ഒട്ടേറെ പ്രസംഗകരും തന്നത്താൻ വിധിക്കുന്നവരല്ല. അവർ അന്യരെ മാത്രമാണ് വിധിക്കുന്നത്.

ദൈവവചനം തുളച്ചുകയറി നമ്മുടെ ഉദ്ദേശ്യങ്ങളെയും വിവേചിക്കുന്നു. ദൈവവചനത്തിലെ ആത്മാവിന്റെ ശബ്ദത്തിനു നാം നിരന്തരം ശ്രദ്ധകൊടുക്കുന്നവരെങ്കിൽ ആത്യന്തികമായി നമുക്കൊരു ശുദ്ധീകരണം ലഭിക്കും. ഓരോ വിശ്വാസിയും എല്ലാ ദിവസവും ഇപ്രകാരം ജീവിക്കേണ്ടതുണ്ട്. യിസ്രായേൽക്കാർക്ക് എല്ലാദിവസവും പുതിയ മന്നാ ലഭിച്ചിരുന്നതുപോലെ നാമും എല്ലാ ദിവസവും പുതിയതായി അഭിഷേകമുള്ള ദൈവവചനം ദൈവത്തിൽ നിന്നും കേൾക്കേണ്ടതുണ്ട്.

(തുടരും)

മൊഴിമാറ്റം:**ബോബി ചെറിയാൻ**

ച്ചു, വളർത്തിയെടുത്തു, ഞങ്ങളുടെ സമ്പത്തുകൾ നിങ്ങൾക്കു നൽകി. എന്നാലിന്നോ, നിസ്സാരതുക മുടക്കി ഞങ്ങളെ സ്വതന്ത്രരാക്കുവാൻ മനസ്സില്ലാത്തവണ്ണം നിങ്ങൾ കഠിനരായിരിക്കുന്നു. ഇവരെ സ്വതന്ത്രരാക്കുവാൻ നിങ്ങൾക്കു കഴിയും. കേൾക്കുക, ഭണ്ഡാരത്തിന്റെ അടിയിൽ നാണയത്തുട്ടുകൾ വീണ് കിലുങ്ങുന്ന ശബ്ദം കേൾക്കുന്ന ആ നിമിഷത്തിൽത്തന്നെ ആത്മാവ് ദണ്ഡനത്തിൽനിന്ന് പറന്നുയരും. ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ച്, പാപമോചനച്ചീട്ടുകൾ വാങ്ങുന്നതിലൂടെ ശുദ്ധീകരണസ്ഥലത്ത് പ്രത്യേക ഇളവുകൾ സ്വന്തമാക്കുവാൻ കഴിയും''. ടെറ്റ്സലിന്റെ വാക്കുകൾ ജനത്തെ ആവേശഭരിതരാക്കി. ഭണ്ഡാരങ്ങൾ നാണയങ്ങൾക്കൊണ്ട് നിറഞ്ഞു. മോഹനവാഗ്ദാനങ്ങളുമായി വിറ്റൻബർഗിലും അയാളെത്തി. വേദവിപരീതവും അധാർമ്മികവുമായ ഇത്തരം കാര്യങ്ങൾക്കെതിരെ പ്രതികരിക്കുവാൻ ലൂഥർ തീരുമാനിച്ചു. ഈ വഞ്ചനയിൽ നിന്ന് ജനങ്ങളെ രക്ഷിക്കണം എന്ന തീരുമാനമാണ് 95 കുറ്റസംഗതികൾ കാസിൽ ചർച്ചിൽ പ്രസിദ്ധീകരിക്കുവാൻ ലൂഥറെ പ്രേരിപ്പിച്ചത്.

തർക്കസിദ്ധാന്തങ്ങൾ വിറ്റൻബർഗ്ഗിൽ മാത്രമല്ല ജർമ്മനിയിലെമ്പാടും ചർച്ചചെയ്യപ്പെട്ടു. പാപമോചനച്ചീട്ടിന്റെ പൊള്ളത്തരം ജനങ്ങൾക്കു ബോധ്യമായി. ഇതോടെ ചീട്ടുവിൽപ്പന പരാജയപ്പെട്ടു. ലൂഥർക്കെതിരെ ടെറ്റ്സൺ നടത്തിയ പ്രതികരണങ്ങൾ ഫലം കണ്ടില്ല. ലൂഥറുടെ ആശയങ്ങളെ എതിർക്കുവാനുള്ള വേദശാസ്ത്ര പരിജ്ഞാനം അയാൾക്കില്ലായിരുന്നു. ധനസമാഹരണം പരുങ്ങലിലായ വിവരം റോമിനെ ഞെട്ടിച്ചു. എന്നാൽ ലൂഥറിന്റെ പ്രവർത്തനങ്ങളെ പുച്ഛത്തോടെ അവഗണിക്കുകയാണ് അവർ ചെയ്തത്. എന്നാൽ ചില മാസങ്ങൾ കഴിഞ്ഞപ്പോൾ കാര്യങ്ങളുടെ ഗൗരവം അവർ തിരിച്ചറിഞ്ഞു. 1518 ഓഗസ്റ്റിൽ, റോമിലെത്തി വിചാരണ നേരിടുവാൻ മാർപാപ്പ ലൂഥറോട് കല്പിച്ചു. പക്ഷേ ലൂഥറെ റോമിലേക്ക് വിടുവാൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും നാടുവാഴിയായ ഫ്രെഡറിക്കിനും മനസ്സായില്ല. ലൂഥറെ വിസ്തരിക്കുവാനുള്ള വേദി ആഗ്സ്ബർഗ് പട്ടണത്തിലേക്ക് മാറ്റി. റോമിലെ പ്രഗല്ഭനായ ദൈവശാസ്ത്രജ്ഞൻ കർദ്ദിനാൾ കജട്ടനെയാണ് പോപ്പ് അതിന് നിയോഗിച്ചത്. ലൂഥറുടെ വേദശാസ്ത്രത്തെക്കുറിച്ച് കജട്ടന് എതിർപ്പുണ്ടായിരുന്നില്ല. തെറ്റേറ്റു പറയുവാൻ അദ്ദേഹം ലൂഥറോട് കൽപ്പിച്ചു. അല്ലാത്തപക്ഷം ലൂഥറെ ബന്ധിച്ച് റോമിലേക്ക് കൊണ്ടുപോകുവാനായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. ഇതറിഞ്ഞ സുഹൃത്തുക്കൾ ലൂഥറെ രാത്രിയിൽ അവിടെനിന്ന് ഒഴിപ്പിച്ചു.

1519 ൽ ഉണ്ടായ മറ്റൊരു സുപ്രധാനമായ സംഭവമാണ് ലെയ്പ്സിഗ് സംവാദം. പ്രഗല്ഭനായ ജർമ്മൻ ദൈവശാസ്ത്രനായ ജോൺ എക് ആണ് ഈ സംഭവത്തിൽ ലൂഥറിനെ എതിരിട്ടത്. പാപ്പാധിപത്യത്തെ ലൂഥർ ഇതിൽ ചോദ്യം ചെയ്തു. മാർപാപ്പയ്ക്കും സഭാകൗൺസിലുകൾക്കും അപ്രമാദിത്വമില്ലെന്നും തെറ്റുകൾ പറ്റാമെന്നും ലൂഥർ വാദിച്ചു. ലൂഥറുടെ വാദങ്ങളുടെ മുനയൊടിക്കുവാൻ എക്കിന് കഴിഞ്ഞില്ല. ലൂഥറുടെ ആശയങ്ങൾക്ക് സഭ ദുരുപദേശകൻ എന്ന് മുദ്രകുത്തിയ ജോൺ ഹൂസിന്റെ ആശയങ്ങളുമായുള്ള സമാനത ചൂണ്ടിക്കാട്ടി ലൂഥറെയും ദുരുപദേശകനായി ചിത്രീകരിക്കുവാനാണ് എക്ക് പരി

**പോപ്പിന് മറുപടി കൊടുക്കേണ്ട അവസാന ദിവസത്തിൽ, വിറ്റൻ ബർഗിലെ ഹോളി ക്രോസ് ദേവാലയത്തിന്റെ അങ്കണത്തിൽ കൂടിവന്ന ജനസമൂഹത്തെ സാക്ഷിയാക്കി പാപ്പായുടെ ഉത്തരവും കത്തോലിക്കസഭയുടെ നിയമഗ്രന്ഥങ്ങളും ലൂഥറും സുഹൃത്തുക്കളും അഗ്നിയിലേക്ക് വലിച്ചെറിഞ്ഞു.**

ശ്രമിച്ചത്. ലൂഥറിനെതിരായുള്ള നീക്കങ്ങൾ ശക്തിപ്പെടുത്തുവാൻ സഭാനേതൃത്വത്തിന് ഇത് സഹായകമായി. എങ്കിലും ജനഹൃദയങ്ങളിൽ ലൂഥറുടെ ആശയങ്ങൾക്ക് സ്വീകാര്യത വർദ്ധിക്കുകയാണ് ഉണ്ടായത്.

വിവാദങ്ങളുടെ കൊടുങ്കാറ്റുകൾക്കിടയിലും യൂണിവേഴ്സിറ്റി പ്രൊഫസർ എന്ന ജോലിയിൽ ലൂഥർ തുടർന്നുപോന്നു. അച്ചടിയെന്ന മാദ്ധ്യമത്തിന്റെ സഹായത്താൽ തന്റെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുവാൻ അഞ്ചോളം മഹത്തായ ലഘുലേഖകൾ അദ്ദേഹം പുറത്തിറക്കി. 'ക്രിസ്ത്യാനിയുടെ സ്വാതന്ത്ര്യ'മെന്ന ലഘുലേഖയിൽ ദൈവമുമ്പാകെ ഒരു പാപിക്ക് ക്രിസ്തുയേശുവിൽ ലഭിക്കുന്ന നീതികരണവുമായി ബന്ധപ്പെട്ടിട്ടുള്ള ആശയങ്ങളെ അദ്ദേഹം വിശദമാക്കി. 'ഒരു ക്രിസ്ത്യാനി വിശ്വാസത്താൽ സകലത്തിനും കർത്താവും യാതൊന്നിനും കീഴ്പെടാത്തവനുമാകുന്നു. എന്നാൽ, സ്നേഹത്താൽ സകലത്തിനും ദാസനും സകലത്തിനും കീഴ്പെട്ടവനുമാകുന്നു' എന്നാണ് ഇതിൽ അദ്ദേഹം പ്രസ്താവിച്ചത്. നീതികരണത്തിലൂടെ ദൈവം എല്ലാവിധ അടിമത്തങ്ങളിൽ നിന്നും പാപിയെ സ്വതന്ത്രനാക്കുന്നു-ന്യായപ്രമാണത്തിന്റെ ശിക്ഷാവിധി, പാപത്തിന്റെ കുറ്റാരോപണം, മരണത്തിൽ നിന്നും പിശാചിന്റെ പിടിയിൽ നിന്നും. ദൈവത്തിന്റെ സ്നേഹത്താലും ശക്തിയാലും സകല ആധിപത്യത്തിൽ നിന്നും സ്വതന്ത്രനാകുന്ന ക്രിസ്ത്യാനി, തന്റെ അയൽക്കാരനെ ദൈവഹിതപ്രകാരം ഹൃദയപൂർവ്വം സ്നേഹിക്കുവാനുള്ള പ്രവൃത്തിക്കായിതന്നെ തന്നെ സമർപ്പിക്കണം.

'സഭയുടെ ബാബിലോണിയൻ അടിമത്തം' എന്ന പേരിലുള്ള മറ്റൊരു ലഘുലേഖയിൽ സാക്രമെന്തുകൾ അഥവാ കൂദാശകൾക്ക് നൽകുന്ന അത്ഭുത പരിവേഷത്തെ ചോദ്യം ചെയ്യുകയും ജീവനുള്ള ദൈവവചനത്തിന്റെ ശക്തിയെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധമായ ശുശ്രൂഷകൾ ചെയ്യുന്നുവെന്ന പേരിൽ വൈദികർക്ക് സാധാരണ ജനങ്ങളുടെമേൽ ആധിപത്യമോ വിശുദ്ധപദവിയോ പ്രത്യേക നിയന്ത്രണാധികാരമോ ഇല്ല. ദൈവം സൗജന്യമായി നൽകുന്ന കൃപാദാനങ്ങളെ സന്തോഷത്തോടെ വിശ്വാസികൾ സ്വീകരിക്കണം. കർത്താവ് സ്ഥാപിച്ച സ്നാനവും തിരുവത്താഴവും മാത്രമാണ് സഭ ആചരിക്കേണ്ട സാക്രമെന്തുകളെന്ന് അദ്ദേഹം പഠിപ്പിച്ചു. (തുടക്കത്തിൽ കുമ്പസാരത്തെയും അദ്ദേഹം പിന്തുണച്ചിരുന്നുവെങ്കിലും പിന്നീട് അതിനെ ഒഴിവാക്കി). 'ക്രൈസ്തവികതയെ പരിഷ്കരിക്കാനുള്ള തുറന്ന കത്ത്' എന്ന പേരിൽ അറിയപ്പെട്ട മറ്റൊരു പ്രബന്ധത്തിൽ,

സഭയിൽ നടക്കുന്ന ചൂഷണ ങ്ങൾക്കെതിരായി നടപടികളെടുക്കു വാൻ അദ്ദേഹം ഭരണാധികാരിക ളോടും ഉദ്യോഗസ്ഥരോടും ആവശ്യ പ്പെട്ടു. വിശ്വാസത്താൽ മാത്രമുള്ള നീതികരണമെന്ന പഠിപ്പിക്കലുകൾ അന്യായം ചെയ്യുവാൻ വശ്വാസി കൾക്ക് അനുവാദം കൊടുക്കുക യാണ് എന്ന ആക്ഷേപത്തിനുള്ള മറുപടിയായി ലൂഥർ രചിച്ച പ്രബന്ധ മാണ് 'നല്ല പ്രവൃത്തികൾ' എന്ന പേരിൽ അറിയപ്പെട്ടത്.

സന്യാസജീവിതവുമായി ബന്ധ മുള്ള ബ്രഹ്മചര്യമടക്കമുള്ള വിഷയ ങ്ങളെ വചനവിരുദ്ധമെന്ന് ലൂഥർ തെളിയിച്ചു. പോപ്പിനു മാത്രമേ ബൈബിൾ തെറ്റ് കൂടാതെ വ്യാഖ്യാ നിക്കുവാൻ കഴിയുകയുള്ളൂ എന്ന വാദത്തെയും ലൂഥർ എതിർത്തു. പോപ്പിന് മാത്രമേ സഭാ കൗൺസിൽ വിളിച്ചുകൂട്ടുവാൻ അധികാരമുള്ളൂ എന്ന പ്രമാണത്തെ എതിർത്ത് അദ്ദേഹം പറഞ്ഞതിപ്രകാരമാണ് –'തിരുവെഴുത്തുകൾക്കു വിരുദ്ധ മായി പെരുമാറുമ്പോൾ തിരുവെഴു ത്തുകളനുസരിച്ചു തന്നെ പോപ്പിനെ ശാസിക്കുകയും തടയുകയും ചെയ്യു കയെന്നത് നമ്മുടെ കടമയാകുന്നു. ഭരണാധികാരി തെറ്റു ചെയ്യുമ്പോൾ അദ്ദേഹത്തെ ശാസിക്കാനായി സഭാ സമിതി വിളിച്ചുകൂട്ടുവാൻ മറ്റുള്ള വർക്കും അവകാശമുണ്ടായിരിക്ക ണം'. സഭാ നവീകരണമെന്നത് ഓരോ വിശ്വാസിയുടെയും ഉത്തരവാ ദിത്തമാണെന്ന് തെളിയിക്കുവാൻ ലൂഥറിന് സാധിച്ചു. ഇതിനെതിരാ യുള്ള റോമിന്റെ പ്രതികരണം എപ്ര കാരമായിരിക്കുമെന്ന് നമുക്ക് ചിന്തി ക്കുവാൻ സാധിക്കും.

റോമിലേക്ക് മടങ്ങിപ്പോയ ജോൺ എക്, 'മതവിരോധിയായി' ലൂഥറിനെ മുദ്രകുത്തുവാൻ പോപ്പിനെ നിർബ ന്ധിച്ചു. 1520 ജൂണിൽ, തെറ്റുകൾ ഏറ്റുപറഞ്ഞ് മടങ്ങിവരാത്തപക്ഷം ലൂഥറെ സഭയിൽ നിന്ന് പുറ ത്താക്കുമെന്നുള്ള ബ്യൂള മാർപാപ്പ പുറത്തിറക്കി. ഇതു ചെയ്യുവാൻ അറുപത് ദിവസങ്ങളാണ് അദ്ദേഹം അനുവദിച്ചത്. ഇതിന് ലൂഥർ തയ്യാ റായില്ലെങ്കിൽ ഈ ജീവിതത്തിലും മരണശേഷം വരുവാനുള്ള ജീവിത ത്തിലും ശിക്ഷാവിധികൾ ഏറ്റുവാ ങ്ങേണ്ടിവരുമെന്ന് കല്പിച്ചു.

ഇതിനുള്ള മറുപടി ലൂഥർ പോപ്പിനെ എഴുതിയറിയിച്ചുവെ ങ്കിലും തന്റെ ബോധ്യങ്ങളെ വെളി പ്പെടുത്തിയത് മറ്റൊരു രീതിയിലാ ണ്. 1520 ഡിസംബർ 10 ന്, അതാ യത് പോപ്പിന് മറുപടി കൊടുക്കേണ്ട അവസാന ദിവസത്തിൽ, വിറ്റൻ ബർഗിലെ ഹോളിക്രോസ് ദേവാല യത്തിന്റെ അങ്കണത്തിൽ കൂടിവന്ന ജനസമൂഹത്തെ സാക്ഷിയാക്കി പാപ്പായുടെ ഉത്തരവും കത്തോലി ക്കസഭയുടെ നിയമഗ്രന്ഥങ്ങളും ലൂഥറും സുഹൃത്തുക്കളും അഗ്നിയി ലേക്ക് വലിച്ചെറിഞ്ഞു. ദൈവവചന ത്തിന് വിരുദ്ധമായി പ്രവൃത്തിക്കുന്ന മനുഷ്യരുടെ കല്പനകളെ അനുസ രിക്കുവാൻ തയ്യാറല്ല എന്ന് ലൂഥർ പ്രഖ്യാപിച്ചു. പള്ളിമുറ്റത്ത് നിന്നി രുന്ന ജനങ്ങൾ സന്തോഷത്തിന്റെ കീർത്തനങ്ങൾ പാടി ദൈവത്തെ സ്തുതിച്ചു. ചരിത്ര പ്രാധാന്യമുള്ള ഈ സംഭവത്തിലൂടെ നവീകരണ ത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു ലൂഥർ. ഇത് റോമിനേറ്റ വലിയ തിരിച്ചടി യായി. 1521 ജനുവരി 3 ന് ലൂഥറെ അവർ പള്ളിഭ്രഷ്ടനാക്കി. എന്നാൽ വിറ്റൻബർഗിലെ ജനങ്ങളുടെയും ഫ്രെഡറിക് രാജാവിന്റെയും ഹൃദ യത്തെ ദൈവം ലൂഥർക്ക് അനുകൂ ലമാക്കി, നിലനിർത്തി. (തുടരും)

**ബോബി കുര്യൻ**

❖

വചനദീപം

## കർത്താവിനോടുള്ള ആദ്യസ്നേഹം – 4

# ആവശ്യം, ആത്മാവിലെ ദാരിദ്ര്യം

*(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച ...)*

**ക്രി**സ്തുവിന്റെ ശരീരം പണിയപ്പെടുന്നതു പ്രാഥമികമായി വേദപുസ്തകപരിജ്ഞാനംകൊണ്ടോ ആത്മീയവരങ്ങൾകൊണ്ടോ അല്ല. നമ്മുടെ ജീവിതം കൊണ്ടാണെന്നു നാം മനസ്സിലാക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്.

ആത്മാവിൽ ദരിദ്രരായവർക്കു മാത്രമേ സ്വർഗ്ഗരാജ്യം പടുത്തുയർത്തുവാൻ സാധിക്കുകയുള്ളു (മത്താ.5:3). എപ്പോഴും ആത്മാവിൽ ദരിദ്രരായി (നമ്മുടെ ആത്മീയദാരിദ്ര്യത്തെപ്പറ്റി അറിവുള്ളവരായി) ഇരിക്കുവാൻ ഒരൊറ്റ വഴിയേ ഉള്ളൂ. അത് എപ്പോഴും ക്രിസ്തുവിങ്കലേക്കു നോക്കുക എന്നതാണ്.

അവിടുത്തെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ കാണുമ്പോൾ നമ്മുടെ ചുറ്റുമുള്ളവരെക്കാൾ നാം മെച്ചപ്പെട്ടവരാണെങ്കിലും യേശുവിൽനിന്ന് എത്രമാത്രം വ്യത്യസ്തരാണെന്നു നാം കണ്ടെത്തും. അവിടുത്തെ വെളിച്ചത്തിൽ മറ്റുള്ളവരുടെ ബലഹീനതകൾ നാം കാണാതെയാവുകയും നമ്മുടെ ദൗർബല്യങ്ങൾ മാത്രം കാണുകയും ചെയ്യും. അപ്പോൾ “അയ്യോ! ഞാൻ അരിഷ്ട മനുഷ്യൻ!” എന്നു സ്വാഭാവികമായി നാം ഉച്ചരിച്ചുപോകും (റോമർ 7:24). അതു പറയുവാൻ നമ്മെ ആരും പ്രേരിപ്പിക്കേണ്ടി വരികയില്ല.

എങ്കിലും ഈയൊരവസ്ഥയിൽ നാം എപ്പോഴും ജീവിച്ചേ മതിയാവൂ. അല്ലാത്തപക്ഷം ലവോദിക്യയിലെ മൂപ്പൻ കിടന്ന മന്ദോഷ്ണതയുടെയും ജഡികത്വത്തിന്റെയും നിഗളത്തിന്റെയും പടുകുഴിയിലേക്കു നാം പിന്മാറിവീണുപോകും.

പഴയനിയമവ്യവസ്ഥയിൻകീഴിൽ മഹാപുരോഹിതന് ആണ്ടിലൊരിക്കൽ മാത്രമേ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാമായിരുന്നുള്ളൂ. അദ്ദേഹത്തിനു ദൈവമഹത്വവും ആ മഹത്വത്തിന്റെ പ്രകാശത്തിൽ സ്വന്തം അരിഷ്ടതയും ആണ്ടിലൊരിക്കൽ മാത്രമേ കാണ്മാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ജീവനുള്ള പുതുവഴി യേശു തുറന്നിരിക്കുകയാൽ നമുക്ക് അതിവിശുദ്ധസ്ഥലത്തെ ദൈവസാന്നിധ്യത്തിൽ സദാ വസിക്കുവാൻ കഴിയും (എബ്ര. 10:20). അങ്ങനെ പൗലൊസിനെപ്പോലെ സ്വന്ത ജഡത്തിന്റെ അരിഷ്ടത നമുക്കെപ്പോഴും കാണുവാനും സാധിക്കും.

പഴയനിയമപ്രവാചകന്മാർക്കു

വല്ലപ്പോഴുമൊരിക്കൽ മാത്രമേ ദൈവ മഹത്വം ദർശിപ്പാൻ സാധിച്ചിരുന്നു ള്ളു. യെശയ്യാവ് അതു കണ്ടപ്പോൾ "എനിക്കു അയ്യോ കഷ്ടം! ഞാൻ നശിച്ചു" എന്ന് വിലപിച്ചു (യെശ. 6:5). എന്നാലിപ്പോൾ ആ വെളിപ്പാട് തുടർമാനമായി ലഭിക്കുവാനുള്ള സൗകര്യം നമുക്കുണ്ട്. നമുക്കു മറ്റു ള്ളവരുടെ അരിഷ്ടാവസ്ഥ പ്രസ്താ വിക്കുന്നതിനു പകരം "എനിക്ക് അയ്യോകഷ്ടം!" എന്നു നിരന്തരം നിലവിളിപ്പാൻ കഴിയും. ആത്മാവിൽ ജീവിക്കുന്നവർ തങ്ങളുടെ ആവശ്യ സ്ഥിതി നിരന്തരം കാണുകയും എല്ലായ്പ്പോഴും ആത്മാവിൽ ദരിദ്ര രായി നിലനിൽക്കുകയും ചെയ്യും.

ആത്മാവിൽ ദരിദ്രനായ ഒരുവൻ മാത്രമേ ദൈവദൃഷ്ടിയിലുള്ള യഥാർത്ഥ ആത്മീയസമ്പന്നതയിൽ ഇരിക്കുന്നുള്ളു. അപ്രകാരമുള്ള ഒരു വൻ വ്യക്തിപരമായ സംഭാഷണ ത്തിലോ ഒരു മീറ്റിംഗിലോ നമ്മോടു സംസാരിക്കുമ്പോൾ നമുക്ക് അദ്ദേ ഹത്തിന്റെ ആത്മീയസമ്പത്തിൽ പങ്കുകാരാകുവാൻ കഴിയും.

എന്നാൽ ആത്മാവിൽ ദരിദ്രന ല്ലാത്ത വാഗ്മിയായ ഒരു സുവിശേ ഷപ്രവർത്തകന്നാകട്ടെ, സമ്പ ത്തിന്റെ ചില ചിത്രങ്ങൾ നമ്മെ കാണിക്കുവാനേ കഴിവുള്ളു. വാസ്തവത്തിൽ നമ്മെ സമ്പന്നരാ ക്കുവാൻ അദ്ദേഹത്തിനു സാധ്യമല്ല.

നമ്മുടെ സഭയിൽ ഏറ്റവും കഴി വുള്ള വ്യക്തികൾക്കല്ല, ആത്മാവിൽ ദരിദ്രരായവർക്കു തന്നെയാണ് ഏറ്റവും മുഖ്യമായ ശുശ്രൂഷകൾ ചെയ്വാനുള്ള ചുമതലകൾ നാം നൽകേണ്ടത്. കഴിവുള്ള സഹോദര ന്മാർ ആത്മാവിൽ ദരിദ്രരല്ലെങ്കിൽ സഭയെ നശിപ്പിക്കുന്നവരായിത്തീ രും.

വ്യഭിചാരികൾക്കും മോഷ്ടാ ക്കൾക്കും സഭയെ നശിപ്പിക്കുവാൻ സാധ്യമല്ല. കാരണം, ഈ ആളുകൾ അപ്രകാരമുള്ളവരാണെന്നു സക ലരും ഗ്രഹിക്കത്തക്കവണ്ണം വ്യക്ത മായിത്തന്നെ പാപികളാണ്. എന്നാൽ ലവോദിക്യയിലെ മൂപ്പനെ പ്പോലെ സ്വന്തം കുറവിനെപ്പറ്റി യാതൊരു ബോധവുമില്ലാതിരിക്ക ത്തന്നെ വിശുദ്ധിയെപ്പറ്റി പ്രസംഗി ക്കുന്നവരെന്ന നിലയിൽ വാഗ്മിക ളായ സുവിശേഷപ്രസംഗകർക്കും വരസിദ്ധിയുള്ള ഉപദേഷ്ടാക്ക ന്മാർക്കും സഭയെ നശിപ്പിക്കുവാൻ കഴിയും.

ആത്മാവിൽ ദരിദ്രരായവരെയും ആത്മാവിൽ നിഗളികളായവരെയും തമ്മിൽ വിവേചിച്ചറിയുവാൻ നമുക്കു കഴിവില്ലെങ്കിൽ അതിന്റെ കാരണം, നാം തന്നെയും ആത്മാവിൽ ദരിദ്ര തയില്ലാത്തവരായിക്കഴിയുന്നതായിരി ക്കണം. മൂപ്പന്മാരെന്ന നിലയിൽ നമ്മുടെ സ്വന്തകുറവു നാം കാണു ന്നില്ലെങ്കിൽ തങ്ങളുടെ കുറവിനെ ക്കാണുന്ന മറ്റുള്ളവരെ നമുക്ക് എങ്ങനെ സഹായിപ്പാൻ കഴിയും?

ഹാ! നമ്മുടെ സഭകളെ കർത്താ വിനുവേണ്ടി വിശുദ്ധമായി നാം സൂക്ഷിക്കണമെങ്കിൽ നമ്മെക്കുറിച്ചു തന്നെ നമുക്കു വെളിച്ചം നൽകു വാൻ നാം ദൈവത്തോട് എത്രയ ധികം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു!.

**കർത്താവിങ്കൽനിന്നും നേരിട്ടു തന്നെ കേൾക്കുക**

ഈ അഞ്ചുസഭാനേതാക്കന്മാർ ദൈവം തങ്ങളോടു പറയുന്നവ നേരിട്ടു കേൾപ്പാൻ കഴിയാതവണ്ണം ചെകിടരായിരുന്നുവെന്നത് എത്ര ദുഃഖകരം! അപ്പോസ്തലനായ യോഹന്നാനിൽക്കൂടെ കർത്താവിന് അവരെ ശാസിക്കേണ്ടിവന്നു. പുതി

**നാം നിരന്തരം ദൈവത്തിന്റെ കണ്ണിന്മുമ്പിൽ ജീവിക്കുകയും അവിടുന്നു നേരിട്ടു നമ്മോടു സംസാരിക്കുമ്പോഴായാലും മറ്റൊരു സഹോദരനിൽക്കൂടെ സംസാരിക്കുമ്പോഴായാലും ആത്മാവിന്റെ ശബ്ദത്തിനു നാം ചെവികൊടുക്കുകയും ചെയ്യുമെങ്കിൽ ദൈവവചനത്തിന്റെ സകല ആപത്തുകളിൽനിന്നും നമ്മെ സംരക്ഷിക്കുവാൻ കഴിയും.**

യനിയമകാലഘട്ടത്തിൽ ഇപ്രകാരം ആവശ്യമായി വന്നത് എന്തുകൊണ്ട്? പഴയനിയമകാലത്തു മാത്രമേ ജനങ്ങൾക്ക് ഒരു പ്രവാചകനിൽക്കൂടി ദൈവികസന്ദേശം കേൾക്കേണ്ട ആവശ്യം ഉണ്ടായിരുന്നുള്ളു. ഈ മൂത്തസഹോദന്മാർ വിനീതരും ദൈവഭയമുള്ളവരുമായിരുന്നെങ്കിൽ യോഹന്നാൻ അവരുടെ പേർക്ക് എഴുതുവാൻ ആവശ്യമില്ലാത്തവിധം ദൈവം തങ്ങളോടു സംസാരിക്കുന്നതു നേരിട്ടു കേൾക്കുവാൻ അവർക്കു കഴിയുമായിരുന്നു.

ഈ മൂപ്പന്മാർക്കു യോഹന്നാനിൽനിന്നും ഈ കത്തുകൾ കിട്ടിയ ശേഷം അവർ മാനസാന്തരപ്പെട്ടുവോ ഇല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. അവർ അപ്രകാരം ചെയ്തുവെന്ന് ആശിക്കുവാനേ നമുക്കു കഴിയൂ. തുയഥൈരയിലെ മൂപ്പൻ തന്റെ ഭാര്യയോടു സ്വന്ത കാര്യം നോക്കുവാനും സഭാകാര്യങ്ങളിൽ കൈകടത്താതിരിക്കുവാനും ആജ്ഞാപിച്ചുവോ എന്നു ഞാൻ അദ്ഭുതപൂർവ്വം സംശയിക്കുന്നു. അതോ യോഹന്നാന്റെ എഴുത്തിനെ കൂട്ടാക്കാതെയിരിക്കുവാൻ അവൾ തന്റെ ഭർത്താവിനോട് ഉപദേശിക്കയാണോ ഉണ്ടായത്?

ഈ അഞ്ചു മൂപ്പന്മാരും യോഹന്നാനിൽക്കൂടെ ലഭിച്ച കർത്താവിന്റെ ശാസന സ്വീകരിച്ചുവെങ്കിൽ അത വർക്കു തീർച്ചയായും നന്മയ്ക്കായിപ്പരിണമിക്കുമായിരുന്നു.

എങ്കിലും മറ്റൊരു സഭയിലുള്ള ഒരു മൂപ്പൻ, എഴുതിയ കാര്യം കൈക്കൊണ്ടില്ലെന്നു നമുക്കറിയാം. യോഹന്നാന്റെ മൂന്നാം ലേഖനത്തിൽ സഭാമൂപ്പനെന്ന നിലയിൽ തന്റെ സ്ഥാനത്തെ സ്നേഹിക്കുകയും യോഹന്നാന്റെ ശാസന കൈക്കൊണ്ടു തെറ്റുതിരുത്താതെയിരിക്കുകയും ചെയ്ത ദിയോത്രെഫോസിനെപ്പറ്റി നാം വായിക്കുന്നു (3 യോഹ. 9). നാം കർത്താവിനെ സേവിക്കുന്നവരാകണമെങ്കിൽ എല്ലാ സമയത്തും നമ്മുടെ സഹോദരന്മാർ നമ്മെ കാണുന്നപോലെയല്ല മറിച്ചു കർത്താവു നമ്മെ കാണുന്നതുപോലെ നാം നമ്മെത്തന്നെ കാണണം. നാം നിരന്തരം ദൈവത്തിന്റെ കണ്ണിന്മുമ്പിൽ ജീവിക്കുകയും അവിടുന്നു നേരിട്ടു നമ്മോടു സംസാരിക്കുമ്പോഴായാലും മറ്റൊരു സഹോദരനിൽക്കൂടെ സംസാരിക്കുമ്പോഴായാലും ആത്മാവിന്റെ ശബ്ദത്തിനു നാം ചെവികൊടുക്കുകയും ചെയ്യുമെങ്കിൽ ദൈവവചനത്തിന്റെ സകല ആപത്തുകളിൽനിന്നും നമ്മെ സംരക്ഷിക്കുവാൻ കഴിയും.

അവസാനമായി ഇക്കാര്യം ഓർത്തുകൊള്ളുക: നമ്മുടെ കഴിഞ്ഞകാലപരാജയങ്ങൾക്കുവേണ്ടി നമ്മെ ശിക്ഷവിധിച്ചു തള്ളിക്കളയണമെന്ന ഉദ്ദേശ്യത്തോടുകൂടെയല്ല, പിന്നെയോ നമുക്കൊരു മെച്ചമായ ഭാവി നൽകുവാൻ വേണ്ടിയാണ് കർത്താവു നമ്മെ എപ്പോഴും ശാസിക്കുന്നത്. (അവസാനിച്ചു) ❖

# നഷ്ടപ്പെട്ടുപോയ പുത്രന്റെ മടങ്ങിവരവ്

(പേജ് 10 ൽ നിന്ന് തുടർച്ച)

ആശ്വസിപ്പിക്കുകയും ചെയ്തവരുടെ കൈമേൽ ഉണ്ടായിരിക്കും.

(കുറിപ്പ്: ഇവിടെ എല്ലാ പരീശന്മാർക്കും ഒരു മുന്നറിയിപ്പ്: നിങ്ങളുടെ ഗ്രൂപ്പുവിട്ട് മറ്റൊരു ഗ്രൂപ്പിൽ ഒരാൾ ചേർന്നുവെന്നതുകൊണ്ടു മാത്രം ഒരുവൻ പിതാവിന്റെ ഭവനം വിട്ടുപോയി എന്നുവരുന്നില്ല. കാരണം, പിതാവിന്റെ ഭവനം നിങ്ങളുടെ കൊച്ചുകൂട്ടത്തെക്കാൾ വിശാലമാണ്. അതുകൊണ്ട് നിങ്ങളുടെ ഗ്രൂപ്പു വിട്ടുപോയ ഏതെങ്കിലും വ്യക്തിയോടുള്ള നിങ്ങളുടെ പരീശമനോഭാവത്തെ ന്യായീകരിക്കുവാൻ മുകളിലത്തെ ഖണ്ഡിക നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. ഒരു പക്ഷേ നിങ്ങൾ ഈ ഉപമയിലെ പിതാവിനെപ്പോലെയല്ല, ജ്യേഷ്ഠസഹോദരനെപ്പോലെയാണെന്നു മനസ്സിലാക്കി നിങ്ങളുടെ സ്വന്തം കുറവിനെക്കുറിച്ചു ബോധവാനാകേണ്ടതാവാം നിങ്ങളുടെ ആവശ്യം.)

ഈ മത്സരികളായ മക്കൾ ഹൃദയം തകർന്നു പശ്ചാത്തപിച്ച് സഭയിലേക്കു മടങ്ങിവരുമ്പോൾ അവരെ തങ്ങളുടെ അരിഷ്ടതയിലും ദു:ഖത്തിലും തുടരുവാൻ നാം അനുവദിക്കരുത്. ദൈവതുല്യവും പരീശതുല്യവുമായ മനോഭാവങ്ങളുടെ വ്യത്യാസം ഇവിടെയാണ് ഏറ്റവും വ്യക്തമായി നാം കാണുന്നത്. ഈ മുടിയൻ പുത്രന്മാർക്ക് ആത്മവിശ്വാസമുണ്ടാകുവാനും സഭയിൽ എന്തെങ്കിലും ശുശ്രൂഷ അവർക്കു ലഭിക്കുവാനും സമയം എടുക്കുമെങ്കിലും അവരെ സ്വീകരിക്കുകയും അവർക്കു കൂട്ടായ്മ നൽകുകയും ചെയ്യുന്ന കാര്യത്തിൽ കർത്താവ് ആ ഉപമയിൽ കാണിച്ചതുപോലെ വിരുന്നുകഴിച്ചാനന്ദിക്കുന്ന മനോഭാവത്തോടെ നാം തിടുക്കവും ഊഷ്മളതയും പൂർണ്ണഹൃദയവും ഉള്ളവരായിരിക്കണം.

**രണ്ടും തമ്മിൽ തിരിച്ചറിയുക**

നമ്മുടെ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ആവശ്യം നമ്മുടെ സ്നേഹം ജ്ഞാനത്താൽ നിയന്ത്രിക്കപ്പെടണം എന്നതാണ്.

പൗലൊസിന്റെ പ്രാർത്ഥന ഇതായിരുന്നു: "നിങ്ങളുടെ സ്നേഹം മേൽക്കുമേൽ പരിജ്ഞാനത്തിലും സകലവിവേകത്തിലും വർദ്ധിച്ചുവന്ന് നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു" (ഫിലി. 1:9,10).

നമുക്കു ചുറ്റുമുള്ള ഈ രണ്ടുതരം പിന്മാറ്റക്കാരെ നാം വിവേചിച്ചു മനസ്സിലാക്കണമെങ്കിൽ നമ്മുടെ ആത്മാവിലുള്ള ദൈവാത്മാവിന്റെ ശബ്ദത്തിനു ചെവികൊടുക്കുന്ന ഒരു ശീലം നാം വളർത്തികൊണ്ടുവരണം. അങ്ങനെയെങ്കിൽ ഒരു വശത്ത് പരീശന്മാരുടെ നിയമസംഹിതയോ മറുവശത്ത് മാനുഷികമായ അനുകമ്പയോ നമ്മെ വഴിതെറ്റിക്കുകയില്ല. നമ്മുടെ യുക്തിയിൽ നാം ആശ്രയിക്കുന്നപക്ഷം നാം തെറ്റിപ്പോകുവാൻ സാധ്യതയുണ്ട്. നാം വിനയപ്പെടുകയും നമ്മുടെ സ്വന്തമായ കർശന മനോഭാവത്തെയും നമ്മുടെ സ്വന്തമായ മാനുഷസ്നേഹത്തെയും വെറുക്കുകയും വേണം.

**ഇടയന്മാരും പിതാക്കന്മാരും**

സഭയിലും രണ്ടുതരത്തിലുള്ള നേതാക്കന്മാരുണ്ട്. ഉത്തമരായ നേതാക്കന്മാർ ഇടയന്മാരേയും പിതാക്കന്മാരെയും പോലെയാണ്. സ്വാർത്ഥമന്വേഷിക്കുന്നവരാകട്ടെ, കൂലിക്കാരെയും അധ്യാപകരെയും പോലെയാണ്. നാം ഇതിലേതിലുൾപ്പെടുന്നുവെന്നു തിരിച്ചറിയുന്നത് പിന്മാറ്റക്കാരുടെ നേരേയുള്ള നമ്മുടെ മനോഭാവം നോക്കിയാണ്.

സഭയിൽ യഥാർത്ഥ ഇടയന്മാർ ദുർല്ലഭമായിരിക്കുന്നതുപോലെ യഥാർത്ഥ പിതാക്കന്മാരും ദുർല്ലഭമാണ്. എല്ലായിടത്തും കൂലിക്കാർ ഏറിയിരിക്കുന്നതുപോലെ സ്വന്ത താൽപര്യമന്വേഷിക്കുന്ന ഉപദേഷ്ടാക്കന്മാരും ഏറെയുണ്ട്. എന്താണു കാരണം? ഒരു ഇടയനായിരിക്കുന്നതിനെക്കാൾ എളുപ്പമാണ് കൂലിക്കാരനായിരിക്കുക എന്നത്. സഭയിൽ ഒരു പിതാവായി പ്രവർത്തിക്കുന്നതിൽ എളുപ്പമാണ് ഒരു ഉപദേഷ്ടാവായിത്തീരുന്നത്. നാം പിതാക്കന്മാരും ഇടയന്മാരുമായിത്തീരണമെങ്കിൽ വേദനപ്പെടുകയും ഭാരപ്പെടുകയും ചെന്നായ്ക്കൾക്കും അലറിവരുന്ന ശത്രുക്കൾക്കുമെതിരെ പ്രാർത്ഥനയിൽ പോരാടുകയും ചെയ്തേ മതിയാവു. കർത്താവിനെ സേവിക്കുന്നതിലോ സഭയെ പണിതുയർത്തുന്നതിലോ ഭൂരിപക്ഷമാളുകളും അത്തരമൊരു വില കൊടുക്കുവാൻ സന്നദ്ധരല്ല. വിലകുറഞ്ഞ മാർഗ്ഗങ്ങളിലൂടെ സഭയെ സേവിക്കുവാനാണ് മിക്കവരും ആഗ്രഹിക്കുന്നത്.

പരാജിതരും ജഡികരുമായിരുന്ന കൊരിന്തിലെ ക്രിസ്ത്യാനികളോട് ഒരു യഥാർത്ഥ പിതാവെന്ന നിലയിൽ പൗലൊസ് ഇപ്രകാരം പറഞ്ഞു: "നിങ്ങളെ നാണിപ്പിക്കുവാനല്ല ഇതെഴുതുന്നത്. നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്" ( 1 കൊരി. 4:14,15)

യേശു പറഞ്ഞ ഉപമയിലെ പിതാവ് പശ്ചാത്താപത്തോടെ വന്ന തന്റെ പുത്രനെ ആറുമാസത്തേക്ക് തന്റെകൂടെ പരീക്ഷണാർത്ഥം താമസിപ്പിക്കയോ അഥവാ വേലക്കാരുടെ വാസസ്ഥലത്ത് തൽക്കാലത്തേക്ക് താമസിപ്പിക്കയോ ചെയ്തില്ല. അദ്ദേഹം അവനെ വിശ്വസിച്ചു. അവനെപ്പറ്റി അദ്ദേഹം പ്രത്യാശ പുലർത്തി. സ്നേഹം എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു ( 1 കൊരി. 13:7)

ഒരു യഥാർത്ഥ പിതാവ് ഒരിക്കലും തന്റെ മക്കളെ ലജ്ജിപ്പിക്കുകയില്ല; അവർ പിന്മാറിപ്പോകുമ്പോൾപ്പോലും അവരുടെ കുറ്റങ്ങൾ അന്യർക്കു വെളിപ്പെടുത്തുകയില്ല. എന്നാൽ സ്കൂളിലും കോളജിലുമുള്ള അധ്യാപകന്മാർ തങ്ങളുടെ വിദ്യാർത്ഥികളുടെ ഭോഷത്തങ്ങൾ അന്യരുടെ മുമ്പിൽ വെളിപ്പെടുത്തുന്നതിൽ സന്തോഷം കണ്ടെത്തുന്നു. മറ്റുള്ളവരുടെ തെറ്റുകൾക്കുനേരേയുള്ള നമ്മുടെ മനോഭാവം വച്ചുകൊണ്ട് നാം പിതാക്കന്മാരോ അധ്യാപകരോ എന്നു നമുക്ക് തിരിച്ചറിയാം.

സഭയിൽ യഥാർത്ഥ പിതാക്കന്മാരും ഇടയന്മാരുമുണ്ടാകുവാൻ കർത്താവു കാത്തിരിക്കുന്നു.

(അവസാനിച്ചു)

YOUTH SECTION

The Making of Peter the Disciple -XIII



# JESUS RELENTLESSLY PURSUES DISCIPLES

(Part Two)

**Sandeep Poonen**

In John 21, we read that Peter goes back fishing. Despite seeing the empty tomb and the risen Christ, Peter doesn't have any hope to be a disciple anymore.

But once again, just like when Jesus first called him to be a disciple, Peter tries all night to catch fish and catches nothing. Jesus then comes and speaks one sentence that brings him a huge haul. What happens next in this story seals Peter's restoration.

A coal fire

John 21:9-12 – When they landed, they saw a fire of burning coals there with fish on it and bread. Jesus said to them, "Bring some of the fish which you have now caught." …Jesus said to them, "Come and have breakfast."

A coal fire only appears twice in the Bible. Once here in John 21, and once in John 18:17-18 – Then the slave-girl who kept the door said to Peter, "You are not also one of this man's disciples, are you?" He said, "I am not." Now the slaves and the officers were standing there, having made a charcoal fire, for it was cold and they were warming themselves; and Peter was also with them, standing and warming himself.

So I am sure the charcoal fire was intentionally chosen by Jesus. Jesus wanted Peter to remember his greatest failure. Jesus was saying, "Peter, we're not going to avoid the topic. Let's go back to your greatest failure. I'm not One who simply forgives and forgets. Let's face up to all the shame, address it, and move forward."

Meanwhile, Peter looks at the 153 fish and thinks about his plan to return to fishing. If a large fish cost $10, and there was a catch of 153 fish, that works out to about $1,500 in one night! So if Peter worked just 20 days in the month, Jesus could help Peter make $30,000/month, and $360,000 per year! And under the Old Testament, Peter could give a 10% tithe, and still live a great life.

As Peter processes all this, Jesus makes His point. John 21:15 –When they had finished eating, Jesus said to Simon Peter, "Simon son of John, do you truly love me more than these?" "Yes, Lord," he said, "You know that I love You." Jesus said, "Tend My lambs."

Jesus points to the coal and all the fish and says, “Do you truly love (agape = unconditional, divine love) me more than these?”

The charcoal fire: This represented Peter’s biggest failure and disgrace. So Jesus’s question was if Peter loved Jesus despite all his failures?

The 153 fish: What if Peter went back to fishing, and Jesus helped Peter make a good living. Was Peter interested in a moderate Christian life?

Peter immediately knew that he did not have an agape (divine) love. But he also knew that he still thought fondly of Jesus. So he replies, “Jesus, I can’t claim to love you with the exalted agape love that I thought I once did. But I do love you with an ordinary phileo love – a human, brotherly love.”

The great comfort for him and us is that Jesus accepts it. Jesus knew that Peter was incapable of an agape love. What Jesus was looking for was honesty. Jesus will accept all our humble offerings as long as it comes from a place of genuine honesty. We sometimes think that we must clean up our lives before we can start being a true disciple. So we have to be rid of our bad habits and stay clean for at least 6 months before Jesus truly forgive us. But Jesus tells us differently through this story.

Jesus comes to all of us, no matter what our most recent track record, and asks us a simple question: “Do you genuinely/sincerely love me right now more than anything else? Can you still say that you love ME despite all your failures? And do want to be with Me because you can gain from Me, or does your love go beyond anything that you can benefit in this world through Me?”

God surely wants us to grow in faithfulness. But this faithfulness comes from getting up and going back to Him even when we are faced with failures. Even if all we can offer is our broken, human love for Him, we say, “Lord, I’ve got this little love? Will that do for now as I am still learning what it means to be faithful to You?”

Yes, that will do! We will never feed 5,000 on our own anyways. But we will never stop giving Him our limited five loaves and two fish. He will make something beautiful of my life. So I will not give up on Jesus just because I don’t see the kind of loyalty that I should have yet. And if God, or the devil, or anybody else asks me whether I love Him, I will answer, “I can’t say I love Him like I should yet. My life does not yet reflect the obedience that I must demonstrate. But I will never stop coming back to Jesus. He’s been too good to me to give up on Him!”

This is the heart that Jesus seeks in a disciple. A disciple is not one who never fails; a disciple is one who values Him and will keep coming back to

Him. He will make us faithful disciples over time; there is no overnight-transformation discipleship program.

## Peter and the rich young ruler

When we compare Peter with the rich young ruler, we see what Jesus looks for in a disciple. On paper, the rich young ruler seemed like a much better prospect for a disciple of Jesus. But Jesus never went after the rich young ruler, while Jesus didn't gave up on Peter. The rich young ruler had a far better track record, but he loved his wealth more than Jesus. Meanwhile Peter, even at his worst, still had a simple devotional love for Jesus.

Discipleship to Jesus is NOT a regimen; it is a response. Disciples are not ones who live out a set of rules. Rather, disciples live their lives as a natural response to God's boundless love for them. It is a response to what Jesus has ALREADY DONE for us. The love of Christ INSPIRES us to want to be His disciples.

So there's hope even if we have fallen repeatedly, or even if we have a poor track record, or even if we have denied Jesus over and over again! Can we get our eyes off of ourselves and look at what Jesus has already done for us – starting with Calvary?

The life ahead of us is fundamentally shaped by our present decision that we make about who Jesus is. So even after all our failures of yesterday, the BIGGEST decision we make is whether we will choose to love Him NOW, and with humble sincerity. Yes, God's Word says that we will reap what we sow. But whatever consequences we have to now face from our past mistakes, God promises His well-sufficient grace –which is freely available to us as we keep company with Jesus.

Paul also had his share of blunders – before and after he met Christ. But it did not discourage him. He stayed focused on the prize: Fellowship with the Father and Jesus. So he chose to forget his past and focus on what lay ahead (Philippians 3:13-14).

## PETER STILL HAS WORK TO DO

Immediately after Jesus gives Peter such a wonderful calling, we also find Peter's continued need for growth. Jesus goes on to tell Peter how he was going to die. Peter had wanted to die for Jesus just a few days back. But Jesus had stopped him then (he told Peter to put away his sword). But Jesus seems to be telling Peter, "Don't worry. You're going to have another chance. You will follow Me even in the way I died. Not everybody gets that chance, but you will."

Rather than rejoicing in this chance to follow Jesus even in His physical death, Peter compared himself with John and what John would face. So yet again, Jesus had to rebuke Peter. John 21:22 – Jesus said to him, "If

*എഡിറ്റോറിയൽ*

## ധൂർത്തപുത്രന്റെ മടങ്ങിവരവ് *തുടർച്ച...*

രിക്കുന്നു. രണ്ടാമന് ആ സാഹചര്യം നിത്യതയുടെ കാഴ്ചപ്പാടിൽ പ്രയോജനപ്രദമാകുന്നില്ല. വെയിലത്തു വയ്ക്കുന്ന മഞ്ഞുകട്ട ഉരുകിയൊലിക്കുമ്പോൾ അതേ വെയിൽ മെഴുകിനെ കട്ടിയുള്ളതാക്കും എന്നു പറയാറുണ്ടല്ലോ. കഷ്ടതയുടെ അഗ്നിശോധനയിലൂടെ കടന്നുപോകുമ്പോൾ ഒരാളെ അത് അനുതാപത്തിലേക്കും അലിവിലേക്കും നയിക്കുകയും മറ്റേയാളെ അതേ സാഹചര്യം ദൈവത്തോടും മറ്റു മനുഷ്യരോടും കാഠിന്യമുള്ള മനോഭാവത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നതിന്റെ രഹസ്യം ഇതാണ്. ഏതായാലും ബുദ്ധിമുട്ടേറിയ സാഹചര്യം മുടിയൻ പുത്രനെ യാഥാർത്ഥ്യബോധത്തിലേക്കും പശ്ചാത്തലത്തിലേക്കും തീരുമാനത്തിലേക്കും മടങ്ങിവരവിലേക്കും നടത്തി.

ഉപമയിൽ, മുടിയൻ പുത്രന്റെ മടങ്ങിവരവോളമോ അതിലേറെയോ പ്രാധാന്യമുള്ളതാണു പിതാവിന്റെ സ്നേഹം. ദൈവത്തെ ഏറെ ഭയത്തോടെ കണ്ടിരുന്ന യഹൂദാപശ്ചാത്തലത്തിലാണു യേശു സ്നേഹനിധിയായ പിതാവായി ദൈവത്തെ വെളിപ്പെടുത്തുന്നതെന്ന് ഓർക്കണം. ദൈവപ്രത്യക്ഷതയ്ക്കു മുൻപിൽ പഴയനിയമത്തിന്റെ മധ്യസ്ഥനായ മോശെയ്ക്കു പറയാനുണ്ടായിരുന്നത് 'ഞാൻ അത്യന്തം പേടിച്ചു വിറയ്ക്കുന്നു' എന്നായിരുന്നു (എബ്രാ.12:21). ഈ ഭയം മോശെ യിസ്രായേൽ ജനതയ്ക്കു പകർന്നു നല്കിയപ്പോൾ എക്കാലത്തും യെഹൂദനു ദൈവം ഒരു പേടിസ്വപ്നമായിരുന്നു. യേശുവിന്റെ കാലത്തും അതങ്ങനെയായിരുന്നു. തിരുവെഴുത്തു പകർത്തിയെഴുതുന്നതു തൊഴിലാക്കിയിരുന്ന അന്നത്തെ യെഹൂദാശാസ്ത്രിമാരെക്കുറിച്ച് ഇങ്ങനെ കേട്ടിട്ടുണ്ട്. 'എന്റെ നാമം വൃഥാ എടുക്കരുതെന്ന്' കല്പനയെ അക്ഷരാർത്ഥത്തിൽ തന്നെ എടുത്തിരുന്ന അവർ പഴയനിയമം പകർത്തിയെഴുതുമ്പോൾ 'യഹോവ' എന്ന് എഴുതേണ്ടിടത്തെല്ലാം ആദ്യം കുത്തുകൾ മാത്രം ഇട്ട് ബാക്കിയുള്ളവ മാത്രം എഴുതിപ്പോകും. അങ്ങനെ പഴയനിയമം മുഴുവൻ പകർത്തി എഴുതിയ ശേഷം വളരെ പ്രാർത്ഥനയോടും ഉപവാസത്തോടും ഭയത്തോടും കൂടി മാത്രമാണ് കുത്തിട്ട ഭാഗങ്ങളിൽ പിന്നീട് 'യഹോവ' എന്ന് എഴുതിച്ചേർക്കുന്നത്. മാത്രമല്ല, തൂവൽ മഷിയിൽ

---

I want him to remain until I come, what is that to you? You follow Me!" Peter needed to shut out all other distractions and comparisons to others and focus on following Jesus.

Jesus's first call to Peter was "Follow Me!" And the last recorded words of Jesus to Peter here on earth were the same, "Follow Me!" There were several amazing victories and huge failures in between. But this is the resounding call that are on either end of Peter's physical interactions with Jesus in the gospels: "Follow Me!"

Let us never lose sight of that simple call of Jesus. This life as a disciple is a sticking to the basics of simply following Jesus and in complete obedience to Him in all situations.

മുക്കി എഴുതിയിരുന്ന അക്കാലത്ത് യഹോവ എന്നതിലെ ഓരോ അക്ഷരവും എഴുതാൻ ഓരോ പുതിയ തൂവലാണ് ഉപയോഗിക്കുന്നത്. ഒരക്ഷരം എഴുതിയിട്ട് ആ തൂവൽ ഉപേക്ഷിക്കും. അടുത്ത അക്ഷരം എഴുതാൻ മറ്റൊരു പുതിയ തൂവൽ എടുക്കും. നോക്കുക: ഈ നിലയിൽ ദൈവത്തെ പേടിച്ചിരുന്ന ഒരു പശ്ചാത്തലത്തിൽ നസ്റേത്തിൽ നിന്നു വന്ന ഒരു ചെറുപ്പക്കാരൻ ദൈവത്തെ ഇങ്ങനെ പരിചയപ്പെടുത്തി 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്' (മത്താ. 6:9) തന്റെ ചുറ്റും ഇരിക്കുന്ന പാവപ്പെട്ട നിരക്ഷരരായ മുക്കുവരോടു തുടർന്നു പറഞ്ഞു: 'അവിടുന്നു നിങ്ങളുടെ പിതാവ്' (6:26). പിന്നേയും വ്യക്തമാക്കി: 'അവിടുന്നു രഹസ്യത്തിലുള്ള നിന്റെ പിതാവ്' (6:6). താൻ തന്നെ പ്രാർത്ഥിക്കുമ്പോൾ പിതാവ് എന്ന ഔപചാരികമായ പദത്തിനു പകരം 'അബ്ബാ' എന്ന വിളിപ്പേര് ഉപയോഗിക്കാനും യേശു മടിച്ചില്ല (മർക്കോ. 14:16). ഇരുളിന് ഏറ്റവും കട്ടികൂടുമ്പോഴാണു വെളിച്ചം കൂടുതൽ പ്രകാശിക്കുക എന്നു പറയാറില്ലേ? ഇതുപോലെ ദൈവത്തെ ഭയത്തോടും വിറയലോടും കൂടി മാത്രം സമീപിച്ചിരുന്ന കാലഘട്ടത്തിൽ  യേശു ദൈവത്തെ 'സ്നേഹസമ്പന്നനായ അബ്ബ'യായി വെളിപ്പെടുത്തിയപ്പോൾ ആ വെളിച്ചം ചുറ്റും കൂടിയിരുന്നവരെ എത്രമാത്രം  പ്രകാശിപ്പിച്ചു കാണും! പക്ഷേ, അപ്പോഴും ഇങ്ങനെ ഒരാശങ്ക അവരെ അധീരരാക്കിയിരിക്കും-ശരിയാണ് ദൈവം സ്നേഹവാനായ പിതാവാണ്. പക്ഷേ, ആ സ്നേഹത്തെ അറിഞ്ഞോ അറിയാതെയോ തള്ളിക്കളയുന്ന ഞങ്ങളോടുള്ള ദൈവത്തിന്റെ പ്രതികരണം എന്തായിരിക്കും? ആ ചോദ്യത്തിനുള്ള യേശുവിന്റെ മറുപടിയാണു മുടിയൻ പുത്രന്റെ ഉപമ.

അതെ, പിതാവിന്റെ സ്നേഹത്തെ തള്ളിക്കളഞ്ഞവനാണു മുടിയൻ പുത്രൻ. യിസ്രായേൽ നാട്ടിൽ നിലവിലിരുന്ന രീതിയനുസരിച്ച് അപ്പൻ ജീവിച്ചിരിക്കുമ്പോൾ മക്കൾ സ്വത്തിന്റെ വിഹിതം ചോദിക്കുന്നത് അപ്പനെ അപമാനിക്കുന്നതിനു തുല്യമാണ്. അപ്പൻ മരിക്കണമെന്നു മകൻ മുഖത്തു നോക്കി പറയുന്നതുപോലെയാണു സമൂഹം അന്നതിനെ കണക്കാക്കിയിരുന്നത്. എന്നാൽ സുഖാന്വേഷണങ്ങളുടെ പിന്നാലെപോയ സ്വാർത്ഥമതിയായ ഇളയമകൻ അപ്പനു തീരാത്ത അപമാനവും ഹൃദയവേദനയും വരുത്തിവച്ചുകൊണ്ടു വസ്തുവിലെ തന്റെ പങ്ക് ആവശ്യപ്പെടുകയാണ് (ലൂക്കോ. 15:12). പിതാവ് ഒരക്ഷരവും പറയാതെ മകൻ ആവശ്യപ്പെട്ടതു നൽകുന്നു. ദൈവത്തിന്റെ ഹൃദയമാണ് ഇവിടെ അപ്പന്റെ പെരുമാറ്റത്തിൽ പ്രതിഫലിക്കുന്നത്. തന്റെ സ്നേഹത്തെ തള്ളിക്കളയാനും മനുഷ്യൻ തനിക്കു ലഭിക്കുന്ന സ്വാതന്ത്ര്യം ഉപയോഗിക്കുമെന്നറിഞ്ഞിട്ടും സ്വന്തഇഷ്ടത്തിനനുസരിച്ചു തീരുമാനം എടുക്കാനുള്ള സ്വതന്ത്ര ഇച്ഛ ദൈവം മനുഷ്യനു നൽകിയല്ലോ.

സ്വന്തതീരുമാനത്തിൽ തന്നെ അപമാനിച്ചു പുറപ്പെട്ടുപോയ മുടിയൻ പുത്രനെ പക്ഷേ പിതാവു വെറുക്കുന്നില്ല. പിതാവിന്റെ സ്നേഹത്തെ മകൻ തള്ളിക്കളഞ്ഞെങ്കിലും മകനോടുള്ള സ്നേഹം അവിടുന്ന് ഉപേക്ഷിക്കുന്നില്ല. ദൈവവും അങ്ങനെതന്നെ. ദൈവത്തിനു സ്നേഹിക്കാതിരിക്കാനാവില്ല. കാരണം അവിടുത്തെ അസ്തിത്വം തന്നെ സ്നേഹമാണ്– 'ദൈവം സ്നേഹം തന്നെ'. അവിടുന്ന് നിത്യസ്നേഹം കൊണ്ടാണു നമ്മെ സ്നേഹിച്ചത്. ദൈവത്തിന്റെ സ്നേഹം നിത്യസ്നേഹം (eternal love) ആയിരിക്കുമ്പോൾ തന്നെ അതു സ്വർഗീയമായ നിത്യതയ്ക്കു വേണ്ടിയുള്ള സ്നേഹം (love for

eternity) കൂടിയാണല്ലോ. അതുകൊണ്ടുതന്നെ ഉപമയിലെ പിതാവ് വീടു വിട്ടുപോയ മകന്റെ പിന്നാലെ ഒരുതരം 'മാനുഷികസ്നേഹ'വുമായി പോകുന്നില്ല. അവൻ അനുതാപവാക്യങ്ങളോടെ തിരിച്ചുവന്നാലേ അവന്റെ നിത്യതയ്ക്ക് അതു പ്രയോജനപ്പെടുകയുള്ളുവെന്നു മനസ്സിലാക്കി പിതാവ് അടക്കിപ്പിടിച്ച സ്നേഹത്തോടെ കാത്തുനിന്നു. പിതാവായ ദൈവവും നമ്മെ നിത്യമായി സ്നേഹിക്കുന്നു; നമ്മുടെ നിത്യതയെ സ്നേഹിക്കുന്നു. അതുകൊണ്ടുതന്നെ അവിടുന്ന് ആഗ്രഹിക്കുന്നതും നാം നാമായിത്തന്നെ തീരുമാനം എടുത്തു മടങ്ങിവരണമെന്നാണ്. അതിനുവേണ്ടി എത്രയെത്ര ആഹ്വാനങ്ങളാണു തിരുവെഴുത്തിൽ നാം കാണുന്നത് ! (യിരെമ്യാ.3:12, 14,22; ഹോശെയ 14:1,2,4; മലാഖി 3:7).

മകൻ മടങ്ങിവരുന്നത് അപ്പൻ ദൂരത്തുനിന്നു തന്നേ കണ്ടു (ലൂക്കോ.15:20) എന്തുകൊണ്ട്? കാരണം അവൻ ഇന്നല്ലെങ്കിൽ നാളെ മടങ്ങിവരുമെന്നു പ്രതീക്ഷിച്ചു സ്നേഹസമ്പന്നനായ പിതാവ് സദാജാഗ്രതയോടെ കാത്തുനില്ക്കുകയായിരുന്നു. ഈ ജാഗ്രതയ്ക്കു പിന്നിൽ മറ്റൊരു കാരണവും നമുക്കു കണ്ടെത്താനാകും. അന്ന് യിസ്രായേലിലെ ചട്ടം അനുസരിച്ച് ഒരു മകൻ മത്സരിയും ശഠനുമാണെങ്കിൽ അവനെ കല്ലെറിഞ്ഞു കൊല്ലണം. (ആവർത്തനം 21:20). ഈ പിതാവിന്റെ ഇളയമകൻ  മത്സരിയും ശഠനുമായി പിതാവിന്റെ സ്നേഹത്തെ തള്ളിപ്പറഞ്ഞ് വിദൂര നാട്ടിൽ ചെന്ന് യെഹൂദന് അറെപ്പായ (ലേവ്യ.11:7,8) മേയിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് ഒരു പക്ഷേ നാട്ടിൽ പാട്ടായിരിക്കും. അങ്ങനെയെങ്കിൽ അവൻ തിരികെ നാട്ടിൽ കാലുകുത്തുന്ന നിമിഷം തന്നെ അവൻ കല്ലെറിഞ്ഞു കൊല്ലപ്പെടാനുള്ള സാധ്യത ഏറെയാണ്. ഇതിനെക്കുറിച്ചു ബോധ്യമുള്ളതുകൊണ്ടാകാം മകൻ മടങ്ങിവരുന്നതും കാത്തു ദൂരത്തു കണ്ണുംനട്ട് സ്നേഹവാനായ ആ പിതാവു കാത്തു നിന്നത്.

പിതാവ്, ദൂരത്തുനിന്നു തന്നേ അവനെ കാണുക മാത്രമല്ല, മനസ്സലിഞ്ഞ് ഓടിച്ചെല്ലുകയും ചെയ്തു. യിസ്രായേലിലെ രീതിയനുസരിച്ച് നാല്പതു വയസ്സുകഴിഞ്ഞവർ ഓടുവാൻ പാടില്ല, ഓടിയാൽ സമൂഹത്തിൽ അവരുടെ വില നഷ്ടപ്പെട്ടുപോകും. പക്ഷേ പിതാവ് അതു ഗണ്യമാക്കിയില്ല. മകൻ കല്ലെറിഞ്ഞു കൊല്ലപ്പെടരുതെന്ന ആഗ്രഹത്തിൽ സ്വന്തം സ്ഥാനം വിട്ട് പിതാവ് അവന്റെ അടുക്കലേക്ക് സ്നേഹത്തോടെ ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിക്കുകയാണ്. സ്വർഗീയപിതാവ് സ്വന്തമഹത്വങ്ങൾ ഉപേക്ഷിച്ച് പാപിയായ മനുഷ്യന്റെ അടുത്തേക്ക് ഓടിവന്നല്ലോ; അവന്റെ തലത്തിലേക്ക് താണിറങ്ങിവന്നല്ലോ.(ഫിലിപ്യ.2:6,7). അതു മാനവരാശിക്കു മുഴുവനും വേണ്ടിയായിരിക്കുമ്പോൾ തന്നെ പാപിയായ ഓരോ വ്യക്തിക്കും വേണ്ടിയാണ്. ഒരു ദൈവഭൃത്യൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ഈ മുഴുലോകത്തിലും വീണ്ടെടുക്കപ്പെടാനായി ഞാൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും യേശു വന്ന് എനിക്കുവേണ്ടി ക്രൂശിൽ മരിക്കുമായിരുന്നു." എത്രവാസ്തവം! മാത്രമല്ല അപ്പൻ ഓടിച്ചെന്നു മകനെ സ്വീകരിക്കുന്ന ഭാഗം വായിക്കുമ്പോൾ അവിടത്തെ ക്രിയാപദങ്ങളുടെ ബാഹുല്യം നമ്മുടെ ശ്രദ്ധയാകർഷിക്കും. അപ്പൻ കണ്ടു, മനസ്സലിഞ്ഞു, ഓടിച്ചെന്നു, കെട്ടിപ്പിടിച്ചു ചുംബിച്ചു (ലൂക്കോ15:20). എത്ര തിടുക്കം! അതെ, നമ്മെ രക്ഷിക്കാൻ സ്വർഗ്ഗത്തിനാണു താല്പര്യം കൂടുതൽ.

അപ്പന്റെ അടുക്കൽ ചെല്ലുമ്പോൾ പറയേണ്ട അനുതാപവാക്യങ്ങൾ

സ്വയം ഉരുവിട്ടുകൊണ്ടാകണം മകൻ ഈ ദീർഘദൂരം നടന്നു തീർത്തത്. പക്ഷേ അവൻ പറയാൻ തയ്യാറായി വന്നതിൽ അവസാന വാചകം പിതാവിനെ നേരിൽ കണ്ടപ്പോൾ പറയുന്നില്ല. (ലൂക്കോ:15:18,19 വാക്യങ്ങൾ 21-ാം) വാക്യവുമായി താരതമ്യം ചെയ്യുക)-'നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ ആക്കേണമേ' എന്ന വാക്യം. അന്നത്തെ യെഹൂദാപ്രഭുക്കന്മാരുടെ ഭവനങ്ങളിൽ മൂന്നു തരത്തിലുള്ള ജോലിക്കാർ ഉണ്ട്. ദാസന്മാർ, ബാല്യക്കാർ, കൂലിക്കാർ അല്ലെങ്കിൽ വേലക്കാർ. ഈ മൂന്നു കൂട്ടരിൽ വീടുമായി അടുപ്പം കുറവ് കൂലിക്കാർക്കാണ്. ദാസൻ ആ ഭവനത്തിൽ തന്നെ ജീവിച്ച് അവിടെനിന്ന് എല്ലാനേരവും ഭക്ഷിക്കുന്നവനാണ്. ബാല്യക്കാരാകട്ടെ ദിവസംതോറും ഈ വീട്ടിൽ സ്ഥിരമായി വന്നു ജോലിചെയ്തു ഭക്ഷണവും കഴിച്ച് കൂലിയും വാങ്ങിപോകുന്നവരും. എന്നാൽ വേലക്കാർ പലരുടെ പണികൾക്കു പോകുന്നവരും ഈ വീട്ടിൽ കൂലിപറഞ്ഞ് ഒത്ത് പ്രത്യേക ഒരു ജോലി ചെയ്യാനായിവന്നു വേല ചെയ്തു കൂലി വാങ്ങിപ്പോകുന്നവരുമാണ്(മത്തായി20:1 കാണുക). ഈ കൂലിക്കാർക്ക് ആ ഭവനത്തിൽ നിന്നു ഭക്ഷണം കഴിപ്പാൻ അവകാശമില്ല (എന്നാൽ ഈ അപ്പൻ വളരെ ഔദാര്യവാനായതുകൊണ്ട് കൂലിക്കാർക്കുപോലും ഭക്ഷണംകൊടുക്കുകയും അവർ തിന്നുശേഷിപ്പിക്കുകയും ചെയ്യുമായിരുന്നു-ലൂക്കോസ് 15:17). കണ്ടോ, ജോലിക്കാരിൽ തന്നെ ഭവനത്തോട് അടുപ്പം കുറവുള്ള ഈ കൂലിക്കാരിൽ ഒരുത്തനെപ്പോലെ തന്നെ ആക്കണേ എന്നു പറയാനാണ് മകൻ ഒരുമ്പെട്ടത്. പക്ഷേ പിതാവ് ആ വാക്കുകൾ അവനെകൊണ്ടു പറയിച്ചില്ല. അവൻ അതുപറയും മുൻപേ പിതാവ് അവന്റെ അധരങ്ങളെ സ്നേഹചുംബനംകൊണ്ടു മൂടിയിട്ടുണ്ടാകാം.

തുടർന്നു സ്നേഹവാനായ അപ്പൻ അവനു ശരീരത്തിനു മേല്ത്തരമായ അങ്കി, കൈക്കു മോതിരം, കാലിനു ചെരിപ്പ് എന്നിവ സമ്മാനിക്കുകയാണ്. ഒന്നാമത് അങ്കി. ഏറ്റവും സ്നേഹമുള്ള മക്കൾക്കുവേണ്ടി നൽകുന്ന നിലയങ്കിയാണത്(ഉൽപ.37:3 കാണുക) മാത്രമല്ല, ആ അങ്കിയെ വിശേഷിപ്പിച്ചിരിക്കുന്നത് മേല്ത്തരം (Best) എന്നും. സ്വർഗീയ പിതാവും നമ്മെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിക്കുന്നു(യെശ.61:10) നീതീകരിക്കപ്പെട്ടവർക്കുള്ള ഏഴ് അനുഗ്രഹങ്ങളെപ്പറ്റി റോമർ 5:1-5 ൽ പറഞ്ഞിരിക്കുന്നത് ഇതിനോടു കൂട്ടിവായിക്കാവുന്നതാണ്. തുടർന്നു നൽകുന്ന മോതിരം മുദ്രമോതിരമാണ്. കുടുംബത്തിലുള്ളവർക്കു മാത്രമേ അതു ധരിക്കാൻ അവകാശമുള്ളു. ആധാരങ്ങൾ ഒപ്പിട്ട് മോതിരമുദ്ര അതിൽ പതിപ്പിക്കുന്ന ആ കാലഘട്ടത്തിൽ മുദ്രമോതിരം അധികാരത്തിനും കുടുംബബന്ധത്തിനും നിദർശനമാണ്. സ്വർഗത്തിലെ എല്ലാ ആത്മീയാനുഗ്രഹങ്ങൾക്കും സ്വർഗീയ പിതാവു നമ്മെയും അവകാശികളാക്കുന്നു(എഫേ.1:3). കൈക്കു മോതിരം മാത്രമല്ല, കാലിനു ചെരിപ്പും നൽകുന്നു. ചെരിപ്പ് പുത്രത്വത്തിന്റെ അടയാളമാണ്. സ്വർഗം നമുക്കും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പായി തന്നിരിക്കുന്നുവല്ലോ (എഫേ.6:15). തുടർന്നു വിരുന്നിനായി അറുക്കുന്നതു തൊഴുത്തിലെ ഏതെങ്കിലും ഒരു തടിച്ച കാളക്കുട്ടിയെ അല്ല; മറിച്ച് തീറ്റിത്തടിപ്പിച്ച കാളക്കുട്ടിയെയാണ് (fattened calf) മകൻ വീടുവിട്ടുപോയ കാലംമുതൽ അവൻ എന്നെങ്കിലും മടങ്ങി വരുമ്പോൾ അറുക്കാനായി ഒരു കാളക്കുട്ടിയെ വേർതിരിച്ചു നിർത്തിയിരുന്നു എന്നു വേണം കരുതാൻ. ലോകസ്ഥാപനം മുതൽ വേർതിരിക്കപ്പെട്ട യാഗമൃഗമായിരുന്നല്ലോ കർത്താവ്(വെളി.13:8). ഇതെല്ലാം പിതാവിന്റെ

സ്നേഹത്തിലേക്കാണു വിരൽ ചൂണ്ടുന്നത്.

അങ്ങനെ മുടിയൻ പുത്രൻ പിതാവിന്റെ സ്നേഹഭവനത്തിലേക്കു സ്വീകരിക്കപ്പെട്ടു. എന്നാൽ ആ ആഹ്ലാദത്തിന്റെ വെണ്മയിൽ കരിപുരട്ടുവാൻ അപവാദിയായ പിശാച് തന്നാലാവും വിധം ശ്രമിക്കുന്നതും നാം കാണാതിരുന്നുകൂടാ. വയലിൽ നിന്നു വന്ന മൂത്തപുത്രന്റെ വാക്കുകൾ, ഭവനത്തിലേക്കു വ്യവസ്ഥയൊന്നും കൂടാതെ സ്വീകരിക്കപ്പെട്ട ഇളയപുത്രന്റെ നേരെയുള്ള അപവാദിയുടെ കുറ്റപ്പെടുത്തലിന്റെ വാക്കുകളാണ്(ലൂക്കോ.15:30). എന്നാൽ തന്റെ നേരെയുള്ള ആരോപണങ്ങൾക്ക് ഒരു വാക്കുകൊണ്ടുപോലും ഇളയ മകൻ മറുപടിപറയുന്നില്ലെന്നതു ശ്രദ്ധേയം. പിതാവിന്റെ സ്നേഹത്തിൽ നിമഗ്നനായ അവന് മറ്റൊന്നും ശ്രദ്ധിക്കാൻ നേരമില്ല. മറിച്ച് കുറ്റം വിധിയുടെ വാക്കുകൾക്കു മറുപടി നൽകുന്നതു പിതാവാണ്. നാമും അപവാദിയുടെ അനാവശ്യമായ കുറ്റബോധങ്ങൾക്കു ചെവികൊടുക്കാതെ നമുക്കുവേണ്ടി വാദിക്കാൻ കർത്താവിനെ അനുവദിക്കുക. ലോകം വിട്ടുപോകുന്നതിനു മുൻപ് യേശു ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു: 'എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ (Comforter, Advocate) എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും' (യോഹ.14:16). ഇവിടെ ശ്രദ്ധിച്ചോ? യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതു മറ്റൊരു കാര്യസ്ഥൻ (Another helper) എന്നാണ്. 'ഞാൻ പോകുന്നു. എനിക്കു പകരം ഒരു കാര്യസ്ഥൻ' എന്നല്ല. യേശുക്രിസ്തു എന്നകാര്യസ്ഥൻ നമുക്കായി എപ്പോഴും പിതാവിന്റെ അടുക്കൽ ഉണ്ടാകും(1യോഹ.2:1)പരിശുദ്ധാത്മാവ് ഇവിടെ ഭൂമിയിൽ നമ്മോടു കൂടെ ഇരിക്കാൻ തന്ന മറ്റൊരു കാര്യസ്ഥനാണ്. നോക്കുക: നമുക്കുവേണ്ടി വാദിക്കാൻ രണ്ടു കാര്യസ്ഥൻമാരുണ്ട്. പിന്നെ നാം എന്തിനുപേടിക്കണം? 'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു കുറ്റംവിധിയും (Condemnation) ഇല്ല' (റോമർ8:1)

ഉവ്വ്, ദൈവം സ്നേഹമാണ്. ആ സ്നേഹത്തിൽ നിന്ന് അകന്നുപോയ ഏവർക്കും ജീവനോടെയിരിക്കുമ്പോൾ എപ്പോൾ വേണമെങ്കിലും അനുതാപവാക്യങ്ങളോടെ മടങ്ങിവരാമല്ലോ. ഇതാണു സുവാർത്ത.

ഈ വരികൾ വായിക്കുന്ന താങ്കൾ ദൈവത്തിന്റെ സ്നേഹത്തെ തിരിച്ചറിയാതെ നഷ്ടപ്പെട്ട ഒരവസ്ഥയിലാണോ?. അല്ലെങ്കിൽ ഒരു കാലത്ത് ഭവനത്തിലായിരുന്നു. പിന്നീട് ഭവനം വിട്ടു ലോകത്തിലേക്കു പിന്മാറിപ്പോയോ? അതും അല്ലെങ്കിൽ, കർത്താവിന്റെ സ്വഭാവത്തോട് അനുരൂപനായിരിക്കാൻ ദൈവം മുൻനിയമിച്ചിരിക്കെ (റോമർ8:29) ദൈവതേജസ്സിൽ കുറഞ്ഞവനായി ദൈവിക വിശുദ്ധിയുടെ മുൻപിൽ പാപിയായി മാറിയോ?(റോമർ3:23). എങ്കിൽ ഇപ്പോൾ, ജീവനുള്ളപ്പോൾ, അനുതാപത്തോടെ അപ്പായുടെ അടുത്തേക്കു മടങ്ങിവരാമല്ലോ. എന്തിനു താമസിക്കുന്നു? 'യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തുവരിക, എന്തിനു പുറത്തുനില്ക്കുന്നു?' (ഉല്പ.24:31). വീട്ടിലേക്കു വരിക. മേല്ത്തരമായ അങ്കി ധരിക്കുക. കൈയ്ക്കുമോതിരവും കാലിനു ചെരിപ്പും ഇടുക. കൊഴുപ്പിച്ച കാളക്കുട്ടിയെ അറുക്കട്ടെ. നൃത്തവും സംഗീതവും വിരുന്നും ആരംഭിക്കട്ടെ! ഈ ആഹ്ലാദാരവങ്ങൾക്കിടയിൽ അപവാദിയുടെ സ്വരംമുങ്ങിപ്പോകട്ടെ.

'ഇപ്പോഴാകുന്നു സുപ്രസാദകാലം ഇപ്പോഴാകുന്നു രക്ഷാദിവസം' (2കൊരി.6:2).

❖

## Thought for the month

# DO YOU SEEK FOR SIGNS OR FOR REVELATION?

### Santosh Poonen

*"I pray that the eyes of your heart may be enlightened..." (Ephesians 1:18-19).*

The Pharisees in Jesus' time were constantly seeking for a sign from Him (Matthew 12:38; 16:1). You may think there's nothing wrong in seeking for a sign from God, but Jesus used very strong words against it — He called it **evil** and **adulterous** (Matthew 12:39; 16:4).This is spiritual adultery, committed by people who say they love God, but in their hearts, they love the world (James 4:4-5) – like a married woman who loves another man besides her husband. There are many Christians who are like that even today, constantly asking God to answer some earthly desire of theirs, usually related to health or wealth. They call it "faith", but it is the same evil adulterous spirit, because they love earthly things more than God.

Then why did Jesus do many miracles when He was on this earth. These are correctly called "signs" in John 2:11, etc. What is the purpose of a sign? Think, for example, of a beautiful sign on the side of the road near Agra telling you how to get to the Taj Mahal. The most important thing is not the sign, but the Taj Mahal itself. How foolish it would be to stop by the side of the road in excitement at the beautiful sign is, and miss the Taj Mahal itself! It's even worse for Christians who are more excited about miracles than about God Himself!

Jesus gave us a "sign" in John 9 that describes this powerfully, in the healing of the man born blind. Jesus wanted to give him something more than just opening his physical eyes; Jesus wanted to open his spiritual eyes to reveal Himself as the Son of God to him. This is exactly what He wants for all of us as well — that every blessing He gives us only serves as a sign to point us to Him! Then we will be more excited about Jesus than even His gifts to us.

If we are really serious about this life, God will test us, just like He tested this blind man:

**1. Are you willing to become despised?** It would have been very humiliating for the blind man when Jesus put spit and mud on his eyes publicly. Yet, he still obeyed Jesus (John 9:6-7). This was also how God tested Naaman, a high-ranking army officer, in telling him to dip in the dirty river Jordan (II Kings 5:10-14). It is always through humbling circumstances that God fulfills His purpose in us. This is how it was for Jesus too (Hebrews 5:8-9).

**2. Are you willing to face the reproach of religious people and even your relatives?** The blind man was cast out by the Pharisees, who were the most powerful religious leaders at that time, and then even despised by his own parents (John 9:13-33). Jesus said that anyone who wanted to be His disciple must hate his relatives (Luke 14:26).

**3. Jesus will never forsake you.** After the blind man was rejected by everyone around him, when he was at his loneliest, Jesus went looking for him and found him (John 9:34-35). No one who stands with God will ever be left alone!

**4. When all you have left is Jesus, then you will experience true worship.** When the blind man encountered Jesus the second time, his spiritual eyes were opened. There he had a private encounter with Jesus and truly believed in Him, and worshiped Him (John 9:36-38). This second "eye opening" was an even greater miracle than his physical eyes being opened.

It brings great delight to God when He sees a child of His on earth who is more excited about finding God Himself, than in merely receiving His blessings (Hebrews 11:6). To such children, God says, "You will find Me! I will be found by you!" (Jeremiah 29:13-14).

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**January 2018** www.jeevamozhikal.org
Annual Subscription Rs. 150/-

**Registered No: KL/KTM/46/2018-20**
Licence No: KL/CR/KTM/WPP-15/2018-20
Licence to Post without prepayment
Date of Publication 28-12-2017

# കരകാണാക്കടലിൽ നിന്നു പ്രത്യാശയുടെ തീരത്തേക്ക്

നാലുവർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യാന്തര സാഹസിക ബോട്ട് റെയ്സാണ് 'വെൻഡിഗ്ലോബ്''. 1989ൽ ആരംഭിച്ച ഈ മത്സരത്തിൽ പങ്കെടുക്കുന്ന ബോട്ടുകളിൽ ഓരോരുത്തർ മാത്രമേ ഉണ്ടാകാവൂ. ഫ്രാൻസിന്റെ തീരത്തുനിന്ന് ആരംഭിച്ച് കടലുകൾ ചുറ്റി ഫ്രാൻസിന്റെ തീരത്തുതന്നെ മടങ്ങി വരണം.

1996 നവംബറിൽ 'വെൻഡിഗ്ലോബ്'' മത്സരത്തിൽ ബ്രിട്ടീഷ് സാഹസികനായ ടോണിബുള്ളിമൂറും പങ്കെടുത്തിരുന്നു. അദ്ദേഹം ബോട്ടിൽ ബഹുദൂരം പോയി. എന്നാൽ ജനുവരിയിൽ ദക്ഷിണ സമുദ്രത്തിൽ എത്തിയ അദ്ദേഹത്തിന്റെ ബോട്ട് ആഞ്ഞടിച്ച തിരമാലകളിൽപെട്ട് തലകീഴായി മറിഞ്ഞു. എന്നാൽ ബോട്ടിനുള്ളിൽ നിന്നു ബുള്ളിമൂർ തെറിച്ചുപോയില്ല. ബോട്ടിന്റെ പള്ളയിലുള്ള ഒരു ചെറിയ അറയിൽ അദ്ദേഹം കയറിക്കൂടി.

ബോട്ട് മലക്കം മറിഞ്ഞതിനാൽ ഭക്ഷണമെല്ലാം നഷ്ടപ്പെട്ടിരുന്നു. ആകെ അവശേഷിച്ചതു കുറെ ചോക്കലേറ്റ് ബാറുകൾ മാത്രം. കടൽ വെള്ളം ശുദ്ധീകരിക്കുന്ന ചെറിയ യന്ത്രവും നഷ്ടപ്പെട്ടില്ല. അതുകൊണ്ട് കുടിവെള്ളത്തിനും ക്ഷാമമില്ലായിരുന്നു.

എന്നാൽ കരകാണാക്കടലിൽ ഒരു പ്രതീക്ഷയും അവശേഷിച്ചില്ല, ജീവിച്ചിരിക്കുമെന്ന പ്രത്യാശപോലും ബുള്ളിമൂറിനു നഷ്ടപ്പെട്ടു. ഇങ്ങനെ മൂന്നുദിവസം കടന്നുപോയി. പക്ഷേ നാലാംദിവസം ഓസ്ട്രേലിയൻ രക്ഷാസംഘം അദ്ദേഹത്തിന്റെ ബോട്ടു കണ്ടെത്തി. അദ്ദേഹത്തെ അവർ രക്ഷിച്ചു അവരുടെ കപ്പലിലാക്കി. അപ്പോഴാണു ജീവന്റെ വില അദ്ദേഹം മനസ്സിലാക്കിയത്. ബുള്ളിമൂർ പറഞ്ഞു: "ഞാൻ ഒരു പുതിയ മനുഷ്യനായി. ദൈവം തന്ന ഇനിയുള്ള ജീവിതം എനിക്കു കൂടുതൽ മെച്ചപ്പെടുത്തണം".

ജീവൻ നഷ്ടമാകുമെന്നു കരുതിയ സമയത്ത് ദൈവാനുഗ്രഹത്താൽ അദ്ദേഹം രക്ഷപ്പെട്ടു. ജീവന്റെ വില മനസ്സിലായ അദ്ദേഹം തന്റെ ഭാവിജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ, ആളുകൾക്കും ദൈവത്തിനും പ്രയോജനമുള്ളതാക്കാൻ, തീരുമാനിക്കുകയാണുണ്ടായത്.

നമ്മുടെ ജീവിതവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ വലിയൊരു അപകടത്തിൽനിന്നു രക്ഷപ്പെടുന്ന നിമിഷത്തിനായി നാം കാത്തിരിക്കണോ? ദൈവത്തിന്റെ കാരുണ്യം കൊണ്ടല്ലേ അപകടങ്ങളില്ലാതെ നമ്മുടെ ജീവിതം ഇപ്പോൾ നിലനിൽക്കുന്നത്? അപകടത്തിലും ദുരിതങ്ങളിലും പെടാതെ നാം മുന്നോട്ടുപോകുന്നത്? അങ്ങനെയെങ്കിൽ ദൈവം എപ്പോഴും നമ്മുടെ ജീവൻ തിരിച്ചുതരുന്നതിലുള്ള നന്ദിയോടെ നാം പുതുവർഷത്തിൽ നമ്മുടെ അനുദിന ജീവിതം ദൈവത്തിനും മനുഷ്യർക്കും കൂടുതൽ പ്രയോജനകരമായ നിലയിൽ ഉപയോഗിക്കാൻ തയ്യാറാകുമോ? (എബ്രായർ3:15)

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.